കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമ്പൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.21/2742/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 02/02/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർ പേഴ്സൺ / സെക്രട്ടറി മുഖേന

നിലമ്പൂർ നഗരസഭ

സർ,

വിഷയം : നിലമ്പൂർ നഗരസഭ - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

3) റീജിയണൽ ഡയറക്ടർ, നഗരകാര്യ വിഭാഗം, കോഴിക്കോട്. (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം. 21/2742/2016 തിയ്യതി 02/02/2017

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 18.01.2016 മുതൽ 18-09-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

----------------------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. മുഹമ്മദ് നിസാർ.എ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

----------------------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-09-2016 മുതൽ 29-09-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അജിത്.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. അബ്ദുൾ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ.ടി | ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

ചെയർമാൻ / ചെയർപേഴ്സൺ

| | |
|---|---|
| ശ്രീ.ആര്യാടൻ ഷൌക്കത്ത് | 01.04.2015 മുതൽ 30.10.2015 വരെ |
| സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, സി.ഡി.പി.ഒ എന്നിവരടങ്ങിയ സമിതി | 31.10.2015 മുതൽ 17.11.2015 വരെ |
| ശ്രീമതി. പദ്മിനി ഗോപിനാഥ് | 18.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പ്രമോദ്.കെ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പ്രമോദ്.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | ശ്രീമതി.എ.സുഭദ്ര | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. വി.ഷക്കീല | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാമചന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുബൈദ.പി | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. എസ്.ബീന | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കൃഷ്ണദാസൻ.എ | 01.04.2015 മുതൽ 31.03.2016 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഡോ.സീമാമു.പി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പി.സതീഷ്കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | ശ്രീ കൃഷ്ണകുമാർ കെ.പി. | 01.04.2015 മുതൽ 31.03.2016 വരെ |
| എസ്.സി.ഡി.ഒ | ശ്രീ.ജയകൃഷ്ണൻ.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അജീഷ് പ്രഭ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മഞ്ജു എസ്. | 01/04/2015 മുതൽ 31/03/2016 വരെ |

| | | |
|---|---|---|
| | | |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വസ്തുനികുതി കുറവായി ഈടാക്കി - നഗരസഭക്ക് 5407/- രൂപ നഷ്ടം. | 2-1 | |
| 13 | കെട്ടിടനിർമ്മാണ പെർമിറ്റ് - ക്രമവത്കരണത്തിനുള്ള ഫീസ് കുറവായി ഈടാക്കി - മുനിസിപ്പാലിറ്റിക്ക് 14776/- രൂപ നഷ്ടം. | 2-2 | |
| 14 | തൊഴിൽ നികുതി - വിവിധ അപാകങ്ങൾ. | 2-3 | |
| 15 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല. | 2-4 | |
| 16 | അപേക്ഷയിൽ നിന്നും പ്ലാനിൽ നിന്നും വ്യത്യസ്തമായ ഒക്യുപൻസിയിൽ പെർമിറ്റ് അനുവദിച്ചു. | 2-5 | |
| 17 | വസ്തുനികുതി - യഥാസമയം പിരിച്ചെടുക്കുന്നില്ല. | 2-6 | |
| 18 | പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 2-7 | |
| 19 | നിലമ്പൂർ പാട്ടുത്സവം 2015-16 -വിനോദ നികുതി കോമ്പൌണ്ട് ചെയ്ത് നൽകിയത് ക്രമവിരുദ്ധം | 2-8 | |
| 20 | തീയേറ്റർ പരിശോധന സംവിധാനം ഫലപ്രദമല്ല. | 2-9 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 21 | താൽക്കാലിക ജീവനക്കാരുടെ നിയമനം--സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-1 | |
| 22 | മാവേലി സ്റ്റോർ--മുൻകൂർ ക്രമീകരണ വിവരമില്ല | 3-2 | |

| | | | |
|---|---|---|---|
| 23 | പെൻഷൻ ഫണ്ട്-മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ചെലവ് ക്രമീകരിച്ചില്ല. | 3-3 | |
| 24 | മൊബൈൽ ഫോൺ ചാർജ്--ബില്ല് ഹാജരാക്കാതെ തുക അനുവദിച്ചു. | 3-4 | |
| 25 | നടപ്പിലാക്കാത്ത പദ്ധതിയുടെ പ്രചരണത്തിനായി,തുക ചെലവഴിച്ചു. | 3-5 | |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം--അധികം അടച്ച തുക ക്രമീകരിച്ചില്ല. | 3-6 | |
| 27 | വക്കീൽ ഫീസ്,നൽകിയത്--സ്യൂട്ട് രജിസ്റ്ററിൽ ചേർത്തില്ല. | 3-7 | |
| 28 | സ്വച്ഛ് ഭാരത് മിഷൻ--ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചില്ല. | 3-8 | |
| 29 | കക്കൂസ് നിർമ്മാണം--മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ചു. | 3-9 | |
| 30 | മാലിന്യ സംസ്കരണം-പദ്ധതി പൂർത്തിയാക്കിയില്ല. | 3-10 | |
| 31 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി--കാര്യക്ഷമമായി നടക്കുന്നില്ല. | 3-11 | |
| 32 | നിലമ്പൂർ പാട്ടുൽസവം--നഗരസഭാ ഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധം | 3-12 | |
| 33 | പാടിക്കുന്ന് പട്ടികവർഗ്ഗ കോളനി ഫ്ലാറ്റ് നിർമ്മാണം പദ്ധതി - അപാകതകൾ | 3-13 | |
| 34 | വർക്ക്ബുക്ക് പ്രിന്റിംഗിന് തുക നൽകൽ -അപാതകകൾ | 3-14 | |
| 35 | ഒപ്പം ഒപ്പത്തിനൊപ്പം പദ്ധതി - അപാകതകൾ | 3-15 | |
| 36 | എൽ എസ് എസ് /യു എസ് എസ് പരിശീലനം - മാർഗ്ഗരേഖാ വിരുദ്ധം | 3-16 | |
| 37 | ഫുട്ബോൾ കോച്ചിംഗ് - ക്രമവിരുദ്ധം | 3-17 | |
| 38 | ഇ എം എസ് ഭവനനിർമ്മാണ പദ്ധതി - നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 3-18 | |
| 39 | 'പകൽവീട് ' എന്ന പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ. | 3-19 | |
| 40 | ആരണ്യകം (ഇക്കോ ടൂറിസം പദ്ധതി ) - അപാകതകൾ | 3-20 | |
| 41 | സമ്പൂർണ്ണ ഭവന നിർമ്മാണം പദ്ധതി - സർക്കാർ നിർദേശം പാലിച്ചില്ല. | 3-21 | |
| 42 | ഹയർസെക്കണ്ടറി തുല്യത പദ്ധതി - അപാകതകൾ | 3-22 | |
| 43 | ഭവനം നിർമ്മിച്ച് എട്ടു വർഷം പൂർത്തീകരിക്കാത്തവർക്ക് ഭവന പുനരുദ്ധാരണം ധനസഹായം നൽകിയത് സംബന്ധിച്ച് | 3-23 | |
| 44 | വഴികാട്ടി -പി എസ് സി കോച്ചിംഗ്, തൊഴിൽ പരിശീലനം -മാർഗ്ഗരേഖ വിരുദ്ധം | 3-24 | |

| | | | |
|---|---|---|---|
| 45 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-25 | |
| 46 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-26 | |
| 47 | പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സഹവാസക്യാമ്പ് -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 3-27 | |
| 48 | പദ്ധതി ലക്ഷ്യം കണ്ടില്ല; | 3-28 | |
| 49 | സുരക്ഷിത ' എന്ന പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ. | 3-29 | |
| 50 | മാനവേദൻ സ്കൂൾ ഇൻഡോർ സ്റ്റേഡിയം മേൽക്കൂര നിർമാണം (98/15).അപാകതകൾ | 3-30 | |
| 51 | ആശ്രയഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല | 3-31 | |
| 52 | ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ | 3-32 | |
| 53 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - അപാകത | 3-33 | |
| 54 | മുനിസിപ്പൽ ഓഫീസ് പുനരുദ്ധാരണം -പാർട്ട് ബിൽ നൽകിയപ്പോൾ റീടെൻഷൻ കുറവുചെയ്തില്ല | 3-34 | |
| 55 | സിവിൽ സർവ്വീസ് പരിശീലനം - അപാകതകൾ | 3-35 | |
| 56 | ആരോഗ്യ പരിരക്ഷ പദ്ധതി - മരുന്ന് വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. | 3-36 | |
| 57 | സൗഖ്യം സമഗ്ര ആരോഗ്യ പദ്ധതി - പദ്ധതി മാർഗ്ഗരേഖയുടെ ലംഘനം | 3-37 | |
| 58 | പദ്ധതി ആസൂത്രണം – അപാകത | 3-38 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 58 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 59 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 60 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 61 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 62 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 63 | ഓഡിറ്റ് റിക്കവറി | 4-6 | |
| 64 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ പുതുക്കിയ ബജറ്റ് 27.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 30-07-2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-09-2016 മുതൽ 20-09-2016 വരെ | No. KSA MPM 21/2742/2016 തീയ്യതി 02/02/2017 |

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). തൻവർഷ വസ്തുനികുതി വരവ് തുക, കുടിശ്ശിക വരവ് തുക എന്നിവ വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തമില്ല

2). തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ല.

3). പ്രൈവറ്റ് ഹോസ്പിറ്റൽ & പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ ഫീസ് തുക വാർഷിക കണക്കിലും ഡിമാന്റ് രജിസ്റ്ററിലും പൊരുത്തപ്പെടുന്നില്ല.

4). ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്ന നടപടി പൂർത്തീകരിച്ചിട്ടില്ല.

5). ആസ്തികളുടെ വാർഷിക ഭൗതിക പരിശോധന നടത്തി ആസ്തി രജിസ്റ്ററിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39983995 |
| വരവ് | 122192177 |
| ആകെ | 162176172 |
| ചെലവ് | 142339050 |
| നീക്കിയിരുപ്പ് | 19837122 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സ്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | 10764418 | 7808886 | 25527768 | 44101072 | 37027418 | 7073654 | 83.96 % |

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സ്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 1175442 | 0 | 8936000 | 10111442 | 6491178 | 3620264 | 64.20 % |
| വികസനഫണ്ട് ടി.എസ്.പി. | 1155140 | 0 | 1943000 | 3098140 | 3094760 | 3380 | 99.89 % |
| സംരക്ഷണഗ്രാന്റ് റോഡ് | 570000 | 0 | 11350000 | 11920000 | 11097811 | 822189 | 93.10 % |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2836503 | 0 | 6933000 | 9769503 | 8230719 | 1538784 | 84.25 % |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 461338 | *(-7748886) | 28657042 | 21369494 | 13608538 | 7760956 | 63.68 % |
| പെർഫോമൻസ് ഗ്രാന്റ് | 4902883 | *(-60000) | 60000 | 4902883 | 4902883 | 0 | 100 % |
| എ.യു.ഇ.ജി.എസ്. | 1405880 | 0 | 3666562 | 5072442 | 874533 | 4197909 (**) | 17.24 % |
| ബി ഫണ്ട് | 0 | 0 | 38027630 | 38027630 | 38027630 | 0 | 100 % |

* വികസനഫണ്ട് പൊതുവിഭാഗത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക

13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 7748886

പെർഫോമൻസ് ഗ്രാന്റ് 60000

ആകെ 7808886

** അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | | | |
| 410 | 90491084 | 288 | 84453307 | 48 | 74 | 81.96 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് നഗരസഭക്ക് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 15710535 | 18039214 | 2328679 | (+) 14.82% |
| നികുതിയേതര വരവുകൾ | 8266664 | 7200311 | 1066353 | (-) 12.90% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10516104 | 13194000 | 2677896 | (+) 25.46 |
| മറ്റുവരവുകൾ | 4541302 | 1691646 | 2849656 | (-) 62.74% |
| ആകെ | 39034605 | 40125171 | 1090566 | (+) 2.79% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭക്ക് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 733920 | 458 |
| കർഷകതൊഴിലാളി പെൻഷൻ | 2441100 | 405 |
| വിധവാപെൻഷൻ | 15958400 | 1800 |
| വാർദ്ധക്യകാലപെൻഷൻ | 14000580 | 2350 |
| വികലാംഗപെൻഷൻ | 3506600 | 458 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 1133600 | 140 |
| വിവാഹ ധനസഹായം | 180000 | 6 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2016 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 94,509/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A

കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർ (ആയുർവേദം) തുടങ്ങിയ നിർവഹണ ഉദ്യഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.
കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.01.2013 മുതൽ 07.01.2013 വരെ. | 2011-12 | 28.02.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2015 മുതൽ 21.01.2015 വരെ. | 2009 – 10 മുതൽ 2013 -14 വരെ. | 30.03.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി കുറവായി ഈടാക്കി - നഗരസഭക്ക് 5407/- രൂപ നഷ്ടം.

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 80 രൂപ / ച.മീ ആയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത് (നഗരസഭയുടെ 23.01.2012 ലെ 19-ാം നമ്പർ തീരുമാനം). എന്നാൽ ശ്രീ.ഷഫീഖ് & അസ്മാബി, വേട്ടേക്കോടൻ ഹൌസ്, മണലോടി എന്നവരുടെ 213.66 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 60 രൂപ/ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 5407/- രൂപ നഗരസഭക്ക് വാർഷിക നഷ്ടം സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | I/1108 A |
| തറവിസ്തീർണ്ണം | 213.66 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 80/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (213.66 * 80) | 17093 രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര – 10% ) | 1709 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 3419 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 18803രൂപ |

| | |
|---|---|
| ഈടാക്കിയ വസ്തുനികുതി | 14102 രൂപ. |
| ഈടാക്കിയതിൽ കുറവ് | 4701 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (18803 * 5%) | 941 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 706 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 235 രൂപ. |
| ഈടാക്കേണ്ട സേവന ഉപനികുതി (18803 * 10%) | 1881 രൂപ |
| ഈടാക്കിയ സേവന ഉപനികുതി | 1410 രൂപ |
| സേവന ഉപനികുതി ഈടാക്കിയതിൽ കുറവ് | 471 രൂപ. |
| ആകെ നഷ്ടം (4701 + 235 + 471) | 5407 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 5407 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-2 കെട്ടിടനിർമ്മാണ പെർമിറ്റ് - ക്രമവത്കരണത്തിനുള്ള ഫീസ് കുറവായി ഈടാക്കി - മുനിസിപ്പാലിറ്റിക്ക് 14776/- രൂപ നഷ്ടം.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 144 (3) പ്രകാരം കെട്ടിടനിർമ്മാണ ക്രമവത്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 135(2) പ്രകാരം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ മേൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഈ അപേക്ഷകളിൻമേൽ പെർമിറ്റ് ഫീസ് ഈടാക്കാത്തത് മൂലം നഗരസഭക്ക് ഓഡിറ്റ് വർഷത്തിൽ 14776/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഗരസഭകളിൽ 150 ച.മീ. വരെയുള്ള വാസഗൃഹ കെട്ടിടങ്ങൾക്ക് 3.50/- രൂപയും 150 ച.മീറ്ററിന് മുകളിലുള്ള വാസഗൃഹകെട്ടിടങ്ങൾക്ക് 7 രൂപ നിരക്കിലും മറ്റെല്ലാ കെട്ടിടങ്ങൾക്കും 10 രൂപ/ച.മീ. നിരക്കിലുമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് | റഗുലറൈസേഷൻ നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് | റഗുലറൈസേഷൻ നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|
| 1 | ജോസഫ് (വാസഗൃഹം) | 220.61 | 4633 | 3089 | 1544 | E2-TBA(20742)/2015 Dt: 08/07/2015 |
| 2 | സൽമാൻ കൊളപ്പറ്റ (വാസഗൃഹം) | 94.73 | 995 | 664 | 331 | E2-TBA(25756)/2015 Dt: 01/09/2015 |
| 3 | ചന്ദ്രമതി മുതൽ പേർ (വാസഗൃഹം) | 45.90 | 482 | 322 | 160 | E2-BA(26113)/2015 Dt: 07/09/2015 |
| 4 | അമ്മിണി (വാസഗൃഹം) | 47.74 | 502 | 335 | 167 | E2-TBA(22813)/2015 Dt: 15/07/2015 |
| 5 | സുമോദ് മാത്യു (വാസഗൃഹം) | 242.57 | 5094 | 3396 | 1698 | E2-TBA(20320)/2015 Dt: 03/07/2015 |
| 6 | അബ്ദുൾ നാസർ (വാസഗൃഹം) | 76.43 | 803 | 536 | 267 | E2-TBA(21096)/2015 Dt: 13/07/2015 |
| 7 | മീമ്പറ്റ ആയിഷുമ്മ (വാസഗൃഹം) | 158.17 | 3322 | 2215 | 1107 | E2-TBA(23665)/2015 Dt: 25/07/2015 |
| 8 | ചന്ദ്രൻ.കെ (വാസഗൃഹം) | 45.28 | 476 | 317 | 159 | E2-BA(25562)/2015 Dt: 24/08/2015 |
| 9 | മുഹമ്മദാലി (വാസഗൃഹം) | 65.11 | 684 | 456 | 228 | E2-TBA(1677)/2016 Dt: 13/01/2016 |
| 10 | ബിജുമോൻ (വാസഗൃഹം) | 95.57 | 1004 | 669 | 335 | E2-TBA(354)/2015 Dt: 30/12/2015 |
| 11 | അബ്ദുൾ കരീം (വാസഗൃഹം) | 95.89 | 1007 | 672 | 335 | E2-BA(1651)/2016 Dt: 14/01/2016 |
| 12 | ജോജി എബ്രഹാം & ലിജി ജോജി (വാസഗൃഹം) | 141.64 | 1488 | 992 | 496 | E2-TBA(1032)/2016 Dt: 08/01/2016 |
| 13 | അമ്മിണി (വാസഗൃഹം) | 56.36 | 592 | 395 | 197 | E2-TBA(1966)/2016 Dt: 15/01/2016 |
| 14 | അസീസ് (വാസഗൃഹം) | 108.16 | 1136 | 758 | 378 | E2-TBA(10927)/2016 Dt: 17/03/2016 |
| 15 | സുലോചന (വാസഗൃഹം) | 47.82 | 503 | 335 | 168 | E2-TBA(29622)/2015 Dt: 15/07/2015 |
| 16 | സൽമാൻ (വാസഗൃഹം) | 94.73 | 995 | 664 | 331 | E2-TBA(25756)/2015 Dt: 01/09/2015 |

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് | റഗുലറൈസേഷൻ നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|
| 17 | ഹുസൈൻ (വാണിജ്യം) | 67.45 | 2024 | 1349 | 675 | E2-TBA(20723)/2015 Dt: 04/07/2015 |
| 18 | സൂസമ്മ ചെറിയാൻ (വാസഗൃഹം) | 93.29 (187.99) | 1959 | 1307 | 652 | E2-TBA(19512)/2015 Dt: 18/06/2015 |
| 19 | ഷാജൻ വർഗ്ഗീസ് (വാസഗൃഹം) | 196.27 | 4122 | 2748 | 1374 | E2-BA(25840)/2016 Dt: 03/07/2015 |
| 20 | രമേശ് (വാണിജ്യം) | 184.20 | 5526 | 3684 | 1842 | E2-BA(7063)/2016 Dt: 19/02/2016 |
| 21 | ചന്ദ്രിക (വാസഗൃഹം) | 55.91 | 587 | 392 | 195 | E2-BA(2010)/2015 Dt: 05/11/2015 |
| 22 | ശബരീശൻ (വാസഗൃഹം) | 109.27 | 1148 | 765 | 383 | E2-TBA(9339)/2015 Dt: 19/11/2015 |
| 23 | മനോജ്.എം (വാസഗൃഹം) | 66.33 | 697 | 467 | 230 | E2-BA(2010)/2015 Dt: 05/11/2015 |
| 24 | നാരായണൻ (വാസഗൃഹം) | 105.96 | 1113 | 742 | 371 | E2-TBA(2830)/2015 Dt: 05/11/2015 |
| 25 | ഹസീന (വാസഗൃഹം) | 83.17 | 874 | 583 | 291 | E2-TBA(32007)/2015 Dt: 28/10/2015 |
| 26 | യു.കെ.കുട്ടി (വാസഗൃഹം) | 92.58 | 972 | 659 | 313 | E2-TBA(37424)/2015 Dt: 12/11/2015 |
| 27 | ആലിക്കുട്ടി (വാസഗൃഹം) | 100.42 | 1055 | 703 | 352 | E2-TBA(2307)/2015 Dt: 26/12/2015 |
| 28 | അമ്മിണി മുതൽ പേർ (വാസഗൃഹം) | 56.36 | 592 | 395 | 197 | E2-TBA(1966)/2016 Dt: 15/01/2016 |
| ആകെ | | | 44385 | 29609 | 14776 | |

റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 14776/- രൂപ കെട്ടിട ഉടമസ്ഥരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - വിവിധ അപാകങ്ങൾ.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം രജിസ്റ്ററുകളും രേഖകളും നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2015-16 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച 66,35,080/- രൂപയുടെയും സാമ്പത്തിക വർഷാവസാനം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള 78,56,435/- (തന്നാണ്ട് - 7601615 + അരിയർ - 254820) രൂപയുടേയും ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ്

തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയും, അവയ്ക്ക് നേരെ അടവാക്കിയ ആകെ തുക ഭാഗികമായി രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് കാലികമാക്കി ബന്ധപ്പെട്ട റിട്ടേണുകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2). വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.

3). വാർഷിക കണക്ക് പ്രകാരം (B-15 ഷെഡ്യൂൾ) കുടിശ്ശികയിനത്തിൽ 78,56,435/- രൂപ (76,01,615 + 2,54,820) രൂപ ലഭിക്കാനുണ്ടെങ്കിലും അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി അരിയർ തുക കൃത്യമായി കണക്കാക്കേണ്ടതും, ആയത് പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

4). 2013-14,2014-15 വർഷങ്ങളിലെ ഖണ്ഡിക 2-7 പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കുന്നതിന് നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ.28/27.09.2016).

## 2-4 <u>വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല.</u>

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. വസ്തു നികുതി പരിഷ്കരണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.29/27.09.2016) 33 വാർഡുകളിലേയും പുതിയ നമ്പർ പ്ലേറ്റ് പതിക്കലും വിവരശേഖരണവും പൂർത്തിയാക്കിയതായും സഞ്ചയ സോഫ്റ്റ്‌വെയറിൽ എൻട്രി നടത്തി വേരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചു വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കേണ്ടിയിരുന്ന പുതുക്കിയ വസ്തുനികുതി 2016-17 സാമ്പത്തിക വർഷത്തിലും ഈടാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 2-5 <u>അപേക്ഷയിൽ നിന്നും പ്ലാനിൽ നിന്നും വ്യത്യസ്തമായ ഒക്യുപൻസിയിൽ പെർമിറ്റ് അനുവദിച്ചു.</u>

പ്രസിഡന്റ്, പടിഞ്ഞാറേക്കര വിഖായത്തുൽ ഇസ്ലാം മദ്രസ കമ്മിറ്റി, രാമംകുത്ത് എന്നവർ 475.26 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വിദ്യാഭ്യാസ (മദ്രസ) ആവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതിക്ക് വേണ്ടി 04.08.2015 ന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷ പ്രകാരം 24.08.2015 ന് E2-BA(26527)/2015 നമ്പർ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തു. അപേക്ഷയിലും പ്ലാനുകളിലും വിനിയോഗം വിദ്യാഭ്യാസ (മദ്രസ) എന്ന് വ്യക്തമായി കാണിച്ചിട്ടുണ്ടെങ്കിലും നഗരസഭ മെഡിക്കൽ / ആശുപത്രി വിനിയോഗത്തിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.27/27.09.2016) പെർമിറ്റിൽ അബദ്ധവശാൽ വിനിയോഗം മാറി രേഖപ്പെടുത്തിയതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച്

വിവരമറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി - യഥാസമയം പിരിച്ചെടുക്കുന്നില്ല.

2015-16 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് / അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷാവസാനം 76,07,721രൂപ പിരിച്ചെടുക്കാനുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ |
| 6929743 | 8089344 | 15019087 | 1916946 | 5494452 | 7411398 | 5012797 | 2594892 | 7607689 |

നഗരസഭയിൽ തനത് വരുമാനം പിരിച്ചെടുക്കുന്നതിനായി രണ്ട് ബിൽ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിൽ നാമമാത്ര രശീതികളിലൂടെ വളരെ ചെറിയ തുക മാത്രമേ ഇപ്രകാരം പിരിച്ചെടുത്തിട്ടുള്ളൂ. കുടിശ്ശിക തുക കാലാഹരണപ്പെടുന്നതിന് മുമ്പ് പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും കാലാഹരണപ്പെടുന്ന തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-7 പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നിലമ്പൂർ വില്ലേജിലെ റീസർവ്വെ 675 ൽ ഉൾപ്പെട്ട 4 ഏക്കർ 10 സെന്റ് വിസ്തൃതിയിലുള്ള പുഴഭാഗം ശ്രീ.കുരിയിക്കൽ ചാക്കോയ്ക്കും തുടർന്ന് മക്കളായ ചിന്നമ്മ, മേരി,കുഞ്ഞമ്മ, തങ്കമ്മ എന്നിവർക്ക് 1966 മുതൽ 2012-13 വരെ പാട്ടത്തിന് നൽകിയിട്ടുണ്ട്. 25/09/2014 ലെ 41630/ആർ.സി.4/2014/തസ്വഭവ നമ്പർ സർക്കുലറിൽ, നദികളുടേയും പുഴകളുടേയും ഏതെങ്കിലും ഭാഗം ദീർഘകാലത്തേക്കോ താൽക്കാലികമായോ അന്യാധീനപ്പെടുത്തരുതെന്നും, ഇതിനകം പുഴഭാഗം പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ അത്തരം നടപടി നിയമവിരുദ്ധമാകയാൽ എത്രയും വേഗം പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചുപിടിക്കണമെന്നും നിർദ്ദേശിക്കുന്നു.

2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 പ്രകാരവും, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-10 പ്രകാരവും, 2013-14, 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 പ്രകാരവും ഭൂമി തിരിച്ച് പിടിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 26/27.09.2016) പാട്ടഭൂമി ഒഴിപ്പിക്കുന്നതിനെതിരെ ബന്ധപ്പെട്ട കക്ഷികൾ WP(C) 10199/2015 ആയി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും, ഈ ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ച് തരുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പാട്ടഭൂമി തിരിച്ച് പിടിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-8 നിലമ്പൂർ പാട്ടുത്സവം 2015-16 -വിനോദ നികുതി കോമ്പൌണ്ട് ചെയ്ത് നൽകിയത് ക്രമവിരുദ്ധം

2015-16 സാമ്പത്തിക വർഷത്തിൽ നിലമ്പൂർ പാട്ടുത്സവത്തിനോട് അനുബന്ധിച്ച് നടക്കുന്ന കാർണിവലിന്റെ വിനോദ നികുതി 4,00,000/- രൂപക്ക് പി പി ആർ ലൈസൻസ് എടുത്തിട്ടുള്ള ശ്രീ.കെ.പി.നസീർ എന്നയാൾക്ക് കോമ്പൗണ്ട് ചെയ്ത് അടവാക്കുന്നതിന് നഗരസഭ കൗൺസിലിന്റെ 29.01.16-ലെ 21-ാം നമ്പർ തീരുമാനം മുഖേന അനുമതി നൽകുകയും ടിയാൻ രശീതി നം.11520114904/08.01.2016 പ്രകാരം തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 1961-ലെ Kerala Local Authorities Entertainments Tax Act-ലെ 3(B) വകുപ്പ് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വിനോദ നികുതി കോമ്പൗണ്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മേൽ ആക്ടിലെ വകുപ്പ് 3(B) -യുടെ വിശദീകരണം 1 പ്രകാരം വിനോദത്തിന് വേണ്ടിയുള്ള സ്ഥിരം

സംവിധാനങ്ങളാണ് അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാർണിവൽ നിലമ്പൂർ പാട്ടുത്സവത്തിനോട് അനുബന്ധിച്ച് നടക്കുന്നതും രണ്ടാഴ്ച്ച നീണ്ടുനിൽക്കുന്നതുമായ ഒരു താൽക്കാലിക സംവിധാനം മാത്രമാണ്. ആയതിനാൽ 3(B) വകുപ്പ് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തി വിനോദ നികുതി കോമ്പൗണ്ട് ചെയ്തത് നിയമപ്രകാരമല്ല.

2)കാർണിവലിന്റെ ടിക്കറ്റ് നഗരസഭ സീൽ ചെയ്ത് നൽകിയിട്ടില്ല.മുൻവർഷങ്ങളിൽ ടിക്കറ്റുകൾ നഗരസഭ സീൽ ചെയ്ത് നൽകിയപ്പോഴൊക്കെയും വ്യാജ ടിക്കറ്റ് വിൽക്കുന്നതായ പരാതി വ്യാപകമായിരുന്നു. എന്നാൽ ഈ വർഷം ടിക്കറ്റുകൾ ഒന്നും തന്നെ സീൽ ചെയ്ത് നൽകാതെ യഥേഷ്ടം നിയമലംഘനം നടത്തുവാൻ അവസരം നൽകുകയാണ് ചെയ്തിട്ടുള്ളത്.

2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത്തരം ക്രമവിരുദ്ധമായ നടപടിമൂലം നഗരസഭയ്ക്ക് വലിയൊരു തുക നഷ്ടമുണ്ടായതായി പരാമർശിച്ചിട്ടുണ്ടെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാതെ 2015-16 സാമ്പത്തിക വർഷത്തിലും ഇതാവർത്തിച്ച നഗരസഭയുടെ നടപടി ക്രമപ്രകാരമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-9 തീയേറ്റർ പരിശോധന സംവിധാനം ഫലപ്രദമല്ല.

നഗരസഭാ പരിധിയിൽ പ്രവത്തിക്കുന്ന നാല് തീയ്യേറ്ററുകളിൽ നിന്നും ലഭിക്കുന്ന വിനോദ നികുതി സംബന്ധിച്ച് പരിശോധന നടത്തിയതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടെത്തി.

- 2015-16 വർഷത്തിൽ എല്ലാ മാസങ്ങളിലും തീയ്യേറ്ററുകളിൽ നിന്നുള്ള ദിവസേനയുള്ള ടിക്കറ്റ് വില്പന സംബന്ധിച്ച് പരിശോധന നടത്തുവാൻ നഗരസഭാ സെക്രട്ടറി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട് . കൂടാതെ പാട്ടുൽസവം പോലെ അസാധാരണമായി തീയ്യേറ്ററുകളിൽ തിരക്കനുഭവപ്പെടുന്ന അവസരങ്ങളിൽ പരിശോധനക്കായി പ്രത്യേക സംവിധാനം ഒരുക്കിയതായി കാണാൻ കഴിഞ്ഞു.
- തീയ്യേറ്ററിൽ നിന്നുള്ള ഡി സി ആർ പരിശോധകൻമാർ പരിശോധന ദിവസം ഒപ്പിടുന്നുണ്ട്.
- എന്നാൽ ആരും തന്നെ തീയ്യേറ്റർ പരിശോധനക്കുള്ള ബത്ത കൈപ്പറ്റിയിട്ടില്ല.
- വിശദമായ പരിശോധന നടത്തിയതിൽ ഡി സി ആർ ഒപ്പിടുന്നതിനപ്പുറം ശരിയായ പരിശോധന നടക്കുന്നില്ലെന്ന് ബോധ്യമായി . ഓണം , ബക്രീദ്,വിഷു പോലുള്ള ഉൽസവ സമയങ്ങളിലും , പാട്ടുത്സവം പോലെ അസാധാരണമായി തീയ്യേറ്ററുകളിൽ തിരക്കനുഭവപ്പെടുന്ന അവസരങ്ങളിൽ പോലും തീയ്യേറ്റർ കളക്ഷൻ റിപ്പോർട്ടിൽ ആയത് പ്രതിഫലിച്ചു കാണുന്നില്ല. സാരമായ നികുതി വരുമാന നഷ്ടം ഈ ഇനത്തിൽ നഗരസഭക്കുണ്ടാകുന്നുണ്ട്.നികുതി ചോർച്ച തടയാൻ കൂടുതൽ ഫലപ്രദമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 താൽക്കാലിക ജീവനക്കാരുടെ നിയമനം--സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

താൽക്കാലിക ജീവനക്കാരെ നിയമിച്ചതിലെ അപാകത സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും,2015-16 സാമ്പത്തിക വർഷത്തിലും,മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ,താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും,താഴെപ്പറയും പ്രകാരം വേതനം അനുവദിക്കുകയും ചെയ്തതായി കാണുന്നു.

| ജീവനക്കാരന്റെ പേര് | തസ്തിക | ആകെ കൈപ്പറ്റിയ വേതനം(4/15 മുതൽ 3/16 വരെ) |
|---|---|---|
| സീനത്ത് | ഡാറ്റാ എൻട്രി | 121600 |

| | | |
|---|---|---|
| | ഓപ്പറേറ്റർ | |
| റഷീദ് .വി.പി. | ഓഫീസ് അറ്റന്റന്റ് | 110600 |
| ആകെ | | 232200 |

സ്ഥിരം ജീവനക്കാരുടെ ഒഴിവിലോ,സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ അല്ല,മേൽപ്പറഞ്ഞവരെ നിയമിച്ചതെന്ന് കാണുന്നു.ജി.ഒ.(പി)28/2016/ഫിൻ തീയതി 26/02/16 പ്രകാരം, അടിയന്തിര ഘട്ടങ്ങളിൽ,കരാർ വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ 179 ദിവസത്തിൽ അധികരിക്കരുത് എന്ന് പറയുന്നുണ്ട്.ഈ തസ്തിക തുടർന്നു കൊണ്ടു പോകുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്.മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടാൽ,നിയമനം നടത്തിയ,വേതനം നൽകിയ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്.മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ വർഷം മുഴുവൻ ജോലി ചെയ്യുകയും,വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(നം.17/26.9.16)ക്ക്,ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയതെന്നും,6/5/16 ന് നിയമനാംഗീകാരത്തിനായി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ട് എന്നും,മുൻ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് ഇവരെ പിരിച്ചു വിട്ടതായും മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മാവേലി സ്റ്റോർ--മുൻകൂർ ക്രമീകരണ വിവരമില്ല

സ.ഉ.(സാധാ)301/13/തസ്വഭവ/4.2.13 പ്രകാരം ആദ്യം ആരംഭിക്കുന്ന മാവേലി സ്റ്റോറിന് 5 വർഷത്തെ വാടകരഹിത കെട്ടിടവും,രണ്ടാമത് ആരംഭിക്കുന്ന സ്റ്റോറുകൾക്ക് പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും,കമ്പ്യൂട്ടർ,ഫർണ്ണീച്ചർ സൗകര്യങ്ങൾക്കായി ഒരു ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കണം.ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചക്കാലക്കത്ത് ആരംഭിക്കുന്ന സപ്ലൈകോ മാവേലി സ്റ്റോറിലേക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി,ഡിപ്പോ മാനേജർക്ക് വൗച്ചർ നം.21500577/25.9.15 പ്രകാരം 100000 രൂപ അനുവദിച്ചതായി കാണുന്നു. എന്നാൽ തുകയുടെ വിനിയോഗവിവരം/ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്,രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട കൊണ്ട് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.100000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 പെൻഷൻ ഫണ്ട്-മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ചെലവ് ക്രമീകരിച്ചില്ല.

പെൻഷൻ ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ നഗരസഭാ തനത് ഫണ്ടിൽ നിന്നും,പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി,തുക ചെലവഴിച്ചിട്ടുണ്ട്.ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2013-14 | 2550 |
| 2014-15 | 86535 |
| 2015-16 | 97540 |

നിലവിൽ വിരമിച്ച ഒരു ജീവനക്കാരന് പ്രതിമാസം 8570 രൂപ നിരക്കിൽ പെൻഷൻ തനതു ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്.ആയതിനാൽ 2016-17 വർഷത്തേക്ക് 102840 രൂപ കൂടി ലഭ്യമാകേണ്ടതുണ്ട്. തനതുഫണ്ടിൽ നിന്നും നൽകിയ തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 മൊബൈൽ ഫോൺ ചാർജ്--ബില്ല് ഹാജരാക്കാതെ തുക അനുവദിച്ചു.

ജി.ഒ(എം.എസ്)217/2004/തസ്വഭവ 6/7/2004 പ്രകാരം പ്രതിമാസം 1000 രൂപയിൽ കവിയരുതെന്ന വ്യവസ്ഥയിൽ മുനിസിപ്പൽ ചെയർമാൻമാർക്ക് മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുമതി

നൽകിയിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 1000 രൂപ വീതം അലവൻസായി നൽകി വരുന്നതായി കാണുന്നു.ബില്ലുകൾ ഹാജരാക്കുകയോ,വിളിക്കുനസരിച്ച് തുക പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല.തുക നൽകിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| കാലയളവ് | വൗച്ചർ നം. | തുക | റിമാർക്സ് |
|---|---|---|---|
| 11/14 മുതൽ 10/15 വരെ | 21500890/1.12.15 | 12000 | 1000x12 |
| 12/11/15 മുതൽ 29/2/16 വരെ | 21501269/1.3.16 | 4633 | നവംബർ മാസം ആനുപാതികമായി 633 രൂപ.<br>ഡിസംബർ-1000<br>ജനുവരി--1000<br>ഫെബ്രുവരി-1000<br>ആകെ 3633 രൂപ അനുവദിക്കുന്നതിനു പകരം 4633 രൂപ അനുവദിക്കുക വഴി 1000 രൂപ അധികം നൽകി. |

ഭാവിയിൽ അപാകത പരിഹരിക്കേണ്ടതാണ്.അധികം നൽകിയ 1000 രൂപ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 നടപ്പിലാക്കാത്ത പദ്ധതിയുടെ പ്രചരണത്തിനായി,തുക ചെലവഴിച്ചു.

വൗച്ചർ നം.21501409/22.3.16—46500(സോണി ലൈറ്റ് &സൗണ്ട്സ്,ചന്തക്കുന്ന്)

വൗച്ചർ നം.21501410/22.3.16—46500(ഫ്രണ്ട്സ്,ഡെക്കറേഷൻസ്,എടവണ്ണ)

സ്നേഹപത്തായം പദ്ധതിയുടെ പ്രചരണാർത്ഥം നടത്തിയതായി പറയുന്ന ഓണാഘോഷ പരിപാടികൾക്കാണ് മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.സ്റ്റേജ്,പന്തൽ,കസേര എന്നിവക്കുള്ള ചെലവാണിത്.പ്രൊജക്ട് രൂപീകരിക്കാതെയാണ് ഈ ചെലവ് നടത്തിയിരിക്കുന്നത്.ജി.ഒ(എം.എസ്)362/2013 തസ്വഭവ 16.11.13-മാർഗ്ഗരേഖ പ്രകാരം,ആവർത്തനസ്വഭാവമുള്ള ചെലവുകൾ,എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ,കണ്ടിജന്റ് ചെലവുകൾ,അസാധാരണ ചെലവുകൾ എന്നിവയിൽ വരാത്ത ഇനങ്ങളിൽ ചെലവ് ചെയ്യുന്നതിന് പ്രൊജക്ട് രൂപീകരിക്കേണ്ടതാണ്.പ്രൊജക്ട് രൂപീകരിക്കാതെ ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.പൊതു ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിന്,ജനങ്ങൾ കൂടുന്നിടത്ത് പെട്ടികൾ സ്ഥാപിക്കുകയും,പെട്ടികളിലൂടെ സ്വരൂപിക്കുന്ന തുക നിർധനരായ രോഗികളുടെ ചികിൽസക്കായി വിനിയോഗിക്കുകയും ചെയ്യുന്നതിനായാണ് സ്നേഹ പത്തായം എന്ന പദ്ധതി രൂപ കൽപ്പന ചെയ്തിട്ടുള്ളത്.എന്നാൽ പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചതായാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാക്കാൽ മറുപടി നൽകിയത്.മേൽപ്പറഞ്ഞ പ്രകാരമുള്ള ചെലവ് നഗരസഭാ ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.93000 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പൊതു ടാപ്പുകളുടെ വെള്ളക്കരം--അധികം അടച്ച തുക ക്രമീകരിച്ചില്ല.

നഗരസഭയിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിലേക്ക്,അധികമായി അടവാക്കിയ തുകയുടെയും,ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെയും വിശദവിവരങ്ങൾ,2011-12,2012-13 ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.21.3.13,17.10.13 തീയതികളിൽ ,കേരള വാട്ടർ അതോറിറ്റിയിലേക്ക് അയച്ച ജി2/5972/11 കത്തുകളിൽ,1566790 രൂപ അധികം അടച്ചതായി പറയുന്നുണ്ട്.വാട്ടർ അതോറിറ്റി തുക ക്രമീകരിക്കാതിരുന്നതിനാൽ,12-13,13-14,14-15 വർഷങ്ങളിൽ വെള്ളക്കരം അടവാക്കുകയുണ്ടായില്ല.17.10.13 ലെ കത്തിൽ,13-14 വരെ അടവാക്കേണ്ടിയിരുന്ന വെള്ളക്കരം കിഴിവ് ചെയ്താലും,857230 രൂപ തിരികെ ലഭിക്കാനുണ്ടെന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നു.14-15 ൽ

135 ടാപ്പുകൾക്ക് താഴെപ്പറയും പ്രകാരം,കരമടക്കുന്നതിനുള്ള ബിൽ ലഭിച്ചിട്ടുണ്ട്.

@5256x135---6 മാസം---354780

@7884x135---6മാസം---532170

ആകെ----- 886950

ക്രമപ്രകാരം 29720 (886950-857230) രൂപ കൂടി വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയാൽ അപാകത പരിഹരിക്കപ്പെടേണ്ടതായിരുന്നു.2015-16 ൽ 7884 നിരക്കിൽ 88695 രൂപ പ്രതിമാസം അടവാക്കിയിട്ടുണ്ട്.ആയതിനാൽ 29720 രൂപ മാത്രം കുടിശ്ശികയായി അവശേഷിക്കുന്നുള്ളൂ എന്നിരിക്കേ,3/16 ലെ ബില്ലിൽ 2837283 രൂപ കുടിശ്ശികയുള്ളതായി,രേഖപ്പെടുത്തിയിരിക്കുന്നു.അപാകത വാട്ടർ അതോറിറ്റിയെ അറിയിച്ച്,ക്രമീകരിക്കേണ്ടതാണ്.

2009 മുതൽ 135 ടാപ്പുകൾക്ക് വാട്ടർ അതോറിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ച് വെള്ളക്കരം അടവാക്കുകയാണ്.2009 ന ശേഷം സംയുക്ത പരിശോധന നടത്തി,ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.സംയുക്ത പരിശോധന നടത്തുന്നതിനായി,21.3.13,16.2.14 തീയതികളിൽ കത്തുകൾ അയച്ചെങ്കിലും,വാട്ടർ അതോറിറ്റിയിൽ നിന്നും പ്രതികരണം ഉണ്ടായിട്ടില്ല.ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച്,പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 വക്കീൽ ഫീസ്, നൽകിയത്--സ്യൂട്ട് രജിസ്റ്ററിൽ ചേർത്തില്ല.

വൗച്ചർ നം.21500063/23.4.15—20000

WP(C) 5318

WP(C)2635

WP(C)566

WP(C)248

എന്നിങ്ങനെ 4 കേസുകൾക്കായി,5000 രൂപ വീതം,അഡ്വ. പ്രവീൺ.കെ.ജോയ് അവർകൾക്ക് വക്കീൽ ഫീസ് നൽകിയതായി കാണുന്നു.എന്നാൽ സ്യൂട്ട് രജിസ്റ്ററിൽ,ഈ കേസുകൾ ചേർത്തു കാണുന്നില്ല. വൗച്ചറിൽ കേസുകളുടെ വർഷം പോലും പ്രതിപാദിച്ചിട്ടില്ല.കേസുകളുടെ ഫയൽ,നിലവിലെ സ്ഥിതി എന്നിവ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.25/27.9.16) നൽകിയിരുന്നെങ്കിലും,രേഖകൾ ഹാജരാക്കിയിട്ടില്ല.20000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 സ്വച്ഛ് ഭാരത് മിഷൻ--ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം.484/16

ബിൽ നം.3/15-16/29.3.16--20000

ബിൽ നം.4/15-16/31.3.16--20000

നിർവ്വഹണം--ഹെൽത്ത് ഇൻസ്പെക്ടർ

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ, 12/6/15 ലെ നം.3460/ഡി/2014/എസ്.എം. കത്ത് പ്രകാരം, ഓരോ വാർഡിലും, സി.ഡി,എസ്, ആശാവർക്കർമാർ എന്നിവരെ നിയോഗിച്ച് വിശദമായ സർവ്വേ നടത്തി ശൗചാലയങ്ങൾ ഇല്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ, അടിസ്ഥാനത്തിൽ, സർവ്വേ നടത്തി 612 ഗുണഭോക്താക്കളെ കണ്ടെത്തി. ഒരാൾക്ക് 5333 രൂപ പ്രകാരം 612 പേർക്ക് 3263796 രൂപയും, സർവ്വേ,ബോധവൽക്കരണം എന്നിവയ്ക്കായി 150000 രൂപയും അടക്കം 3413796

രൂപ 17.12.15 ന് ശുചിത്വമിഷൻ ലഭ്യമാക്കുകയുണ്ടായി.

(യൂണിറ്റ് കോസ്റ്റ് -15400, ടി.എസ്.സി.--5333+മുനി. ഫണ്ട്--10067) എന്നാൽ മേൽപ്പറഞ്ഞ പ്രകാരം 8 ഗുണഭോക്താക്കൾക്ക് 5000രൂപ വീതം അഡ്വാൻസ് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ശുചിത്വമിഷൻ അനുവദിച്ച 3413796 രൂപയും നിലമ്പൂർ ഐ.സി.ഐ.സി.ഐ ബാങ്കിൽ (അക്കൗണ്ട് നം.0937) നിഷ്ക്രിയമായി തുടരുന്നു. അഡ്വാൻസ് ലഭിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിനും, മറ്റുള്ളവരുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു കാണുന്നില്ല. 17.12.15 മുതൽ 28.8.16 വരെ കറന്റ് അക്കൗണ്ടിൽ (നം.0697) നിക്ഷേപിച്ചതിനാൽ ടി കാലയളവിൽ ലഭിക്കുമായിരുന്ന പലിശയും നഷ്ടമായി. 29.8.16 ൽ മാത്രമാണ് എസ്.ബി.അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചത്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-9 കക്കൂസ് നിർമ്മാണം--മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രോജക്ട് നം.254/15

ബിൽ നം.1/15-16/31.8.15--504000(8000x63)

ബിൽ നം.2/15-16/26.3.16--48000(8000x6)

നിർവ്വഹണം--ഹെൽത്ത് ഇൻസ്പെക്ടർ

ജി.ഒ.(എം.എസ്)362/13 തസ്വഭവ 16.11.13--സബ്സിഡി മാർഗ്ഗരേഖ പ്രകാരം സാനിറ്ററി യൂണിറ്റിന് 8000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്.സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ധനസഹായം വകയിരുത്തിയ ശേഷം ഈ നിരക്കിൽ അധികം നൽകേണ്ട തുകയായിരിക്കണം തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതമായി പ്രൊജക്ടിൽ വകയിരുത്തേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മേൽപ്പറഞ്ഞ പ്രകാരം ടി.എസ്.സി വിഹിതം വകയിരുത്താതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു.ഇത് സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമാണ്.552000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 മാലിന്യ സംസ്കരണം-പദ്ധതി പൂർത്തിയാക്കിയില്ല.

ഗാർഹിക തലത്തിലുള്ള മാലിന്യ സംസ്കരണത്തിനായി 11-12 ൽ ആരംഭിച്ചതാണ് പ്രൊജക്ട്. 385 ബയോഗ്യാസ് പ്ലാന്റുകൾ, 2600 പൈപ്പ് കമ്പോസ്റ്റ്, 500 വെർമി കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.ആദ്യഘട്ടമെന്ന നിലയിൽ 3292600 രൂപ ശുചിത്വമിഷൻ ഗ്രാന്റ് ലഭിച്ചിരുന്നു. പഞ്ചാബ് നാഷണൽ ബാങ്കിൽ (അക്കൌണ്ട് നം.62616) നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും, 31.3.16 വരെ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | ശുചിത്വമിഷൻ വിഹിതം |
|---|---|---|
| ബയോഗ്യാസ് പ്ലാന്റ് | 262 | 5250x262=1375500 |
| പൈപ്പ് കമ്പോസ്റ്റ് | 1045 | 675x1045=705375 |
| വെർമി കമ്പോസ്റ്റ് | 500 | ചെലവില്ല. |
| ആകെ | | 2080875 |

31.3.16 ന് അക്കൌണ്ടിൽ പലിശ സഹിതം 1539900 രൂപ അവശേഷിക്കുന്നുണ്ട്.പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി--കാര്യക്ഷമമായി നടക്കുന്നില്ല.

2015-16 വർഷത്തിൽ നാമമാത്രമായ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലായത്.മുൻബാക്കി,പലിശ എന്നിവയടക്കം 5142650 രൂപ പദ്ധതി നടത്തിപ്പിനായി ലഭ്യമായിട്ടുണ്ടെങ്കിലും,945032 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.4197618 രൂപ നീക്കിയിരിപ്പുണ്ട്.

പ്രൊജക്ടുകളുടെ ഫയലിൽ മുഴുവൻ രേഖകളും സൂക്ഷിക്കുന്നില്ല.ബി.പി.എൽ കുടുംബങ്ങളുടെ ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ-പ്രൊജക്ടുകളിൽ,ഭൂവുടമകളുടെ അപേക്ഷ,ഭൂമിയുടെ കരമടച്ച രശീതി,ബി.പി.എൽ വിഭാഗത്തിൽ പെടുന്നു എന്നതിനുള്ള തെളിവ് എന്നിവ വാങ്ങി സൂക്ഷിക്കുന്നില്ല.അപാകതകൾ പരിഹരിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 നിലമ്പൂർ പാട്ടുൽസവം--നഗരസഭാ ഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധം

പ്രൊജക്ട് നം.419/16

വൗച്ചർ നം.21501199/10.2.16—356250

നിർവ്വഹണം--സെക്രട്ടറി

നിലമ്പൂർ പാട്ടുൽസവത്തിനായി,സ്റ്റേജ് ഒരുക്കുന്നതിന്, തുക അനുവദിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും,കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്ത ശ്രീ.ഹാറൂൺ അറയിലകത്ത് എന്നയാൾക്ക് മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം തുക അനുവദിച്ചു. നിലമ്പൂർ പാട്ടുൽസവം ടൂറിസം ഫെസ്റ്റിവൽ കമ്മിറ്റിയാണ്, ഉൽസവം നടത്തുന്നത്.ഇതിനായി സ്റ്റേജ് ഒരുക്കിക്കൊടുക്കുന്നതിന്റെ ചെലവ് നഗരസഭയാണ് വഹിച്ചത്. 2011-12 മുതൽ സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കൽ എന്ന ഇനത്തിൽ ഉൾപ്പെടുത്തി, പാട്ടുൽസവത്തിനായി നഗരസഭ തുക ചെലവഴിക്കുന്നുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം അനിവാര്യമോ, മേഖലാപരമോ,പൊതുവായതോ ആയ ചുമതലകളിൽ ഉൽസവ നടത്തിപ്പ്, സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നില്ല. ചുമതലയിൽ വരാത്ത കാര്യത്തിൽ തുക ചെലവഴിക്കുന്നതിന്, സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയതായും കാണുന്നില്ല. 356250 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 പാടിക്കുന്ന് പട്ടികവർഗ്ഗ കോളനി ഫ്ലാറ്റ് നിർമ്മാണം പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 461/16

പാടിക്കുന്ന് ഫ്ലാറ്റ് നിർമ്മാണം പദ്ധതി (ഏക വർഷ പദ്ധതി )

വിനിയോഗിച്ച തുക – 87,42,681 രൂപ

ബിൽ നം. 15/15-16/26.03.2016 – 6,00,000 രൂപ

കേരള അർബ്ബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള വായ്പ – 81,42,681 രൂപ

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ(ഹൌസിംഗ് )

ജി ഒ (എം എസ് ) നം. 66/2013/എസ് സി എസ് റ്റി ഡി ഡി തിരു. തീയ്യതി . 03.09.2013 പ്രകാരം 2013-14 വർഷത്തിൽ സംസ്ഥാനത്തെ പട്ടിക ജാതി പട്ടികവർഗ്ഗ കോളനികളിൽ ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതും കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ നിർവ്വഹണ ഏജൻസികളിൽ ഒന്നായി മേൽ ഉത്തരവുപ്രകാരം തിരഞ്ഞെടുത്തിട്ടുള്ളതുമാകുന്നു.പദ്ധതി പ്രകാരം നിലമ്പൂർ നഗരസഭയിൽ തിരഞ്ഞെടുത്ത പാടിക്കുന്ന് പട്ടികവർഗ്ഗ കോളനിയിലെ ഫ്ലാറ്റ് നിർമ്മാണത്തിനായി ഒരു കോടി രൂപ പട്ടികവർഗ്ഗ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അനുവദിച്ചിട്ടുള്ളതും ശേഷിച്ച തുക അനുവദിക്കാമെന്ന നഗരസഭാ ചെയർമാന്റെ ഉറപ്പിൻമേൽ 87,42,681 രൂപയുടെ എസ്റ്റിമേറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമർപ്പിക്കുകയും 26.06.2014 ലെ 19-ാം നം തീരുമാനപ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതി ന് അംഗീകാരം നൽകി നടപ്പിലാക്കുകയമാണ് ചെയ്തിട്ടുള്ളത്.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതിക്കായി സാങ്കേതികാനുമതി ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല.

2)പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി
നഗരസഭ ഉടമ്പടി വെച്ചിട്ടില്ല. 100 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിടുക മാത്രമാണ് ചെയ്തിട്ടുള്ളത് .ഗവ. സർക്കുലർ നം. 5959/ലെജി. എ2/2015/ലോ തീ.29.07.2015 പ്രകാരം കുറഞ്ഞ ഉടമ്പടിവെയ്ക്കുമ്പോഴുള്ള കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി 200 രൂപയാണ്.ആയത് പാലിച്ചിട്ടില്ല.

3) പ്രോജക്റ്റ് ഓഫീസർ(ഹൌസിംഗ് )നെയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് . നഗരസഭയിൽ തന്നെ എൽ എസ് ജി ഡി വിഭാഗിന്റെ സേവനം ലഭ്യമായിരിക്കെ മാരാമത്ത് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുവാൻ ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഇല്ലാത്ത പ്രോജക്റ്റ് ഓഫീസർ (ഹൌസിംഗ് )നെ ചുമതല ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

4)81,42,681 രൂപ അക്കൌണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടങ്കിലും തുക കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് നൽകിയതിന്റെ വിവരം ഫയലിൽ ഇല്ല.

5)പദ്ധതിക്ക് തുക നൽകിയതിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫയലിൽ ഇല്ല. ആയതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഇല്ലാത്ത പ്രോജക്റ്റ് ഓഫീസർ (ഹൌസിംഗ് )പ്രസ്തുത ചുമതല എപ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാക്കേണ്ടതാണ്.

6)ഏക വർഷ പദ്ധതിയായ പ്രോജക്റ്റ് പ്രവൃത്തി സ്ഥലം പരിശോധന നടത്തിയതിൽ പണി നടന്നു വരുന്നതായി കാണാൻ കഴിഞ്ഞു.
പ്രവൃത്തിപൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-14 വർക്ക്ബുക്ക് പ്രിന്റിംഗിന് തുക നൽകൽ -അപാതകകൾ

പ്രോജക്റ്റ് നം. 449/16

വിജയഭേരി പദ്ധതി

വിനിയോഗിച്ച തുക – 50,000 രൂപ (തനത് ഫണ്ട് )

ഡി ഡി നം. 180914/28.10.15

നിർവ്വഹണം--ഹെഡ്മാസ്റ്റർ,ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ

ക്വട്ടേഷൻ മുഖേന , കല്പക പ്രിന്റേഴ്സ് ,ഞെട്ടിക്കുളം ,ഉപ്പട പി ഒ, എന്ന സ്ഥാപനത്തിന് 'മഴവില്ല് '(രണ്ടാം ക്ലാസിലെ കുട്ടികൾക്ക്), 'മിന്നാമിന്നി' (നാലാം ക്ലാസിലെ കുട്ടികൾക്ക്), 'സ്ളേറ്റ് '(ഇംഗ്ലീഷ് പുസ്തകം )എന്നീ പുസ്തകങ്ങൾ അച്ചടിച്ചതിന് നൽകുവാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവ് (എം.എസ്)നം362/2013തസ്വഭവ തിയ്യതി16.11.2013 പ്രകാരം വിദ്യാഭ്യാസഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും ആവശ്യമായ പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കേണ്ടത്.അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ,അച്ചടി,മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസവകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്നപ്രവർത്തനങ്ങൾ ആകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിനു വിരുദ്ധമായി 'മഴവില്ല് ' , 'മിന്നാമിന്നി' ,

'സ്ളേറ്റ് 'എന്നീ പുസ്തകങ്ങൾ അച്ചടിച്ചതിന് തുക വിനിയോഗിച്ചിട്ടുള്ളത് സർക്കാർ ഉത്തരവിനു വിരുദ്ധമായ നടപടിയായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-15 ഒപ്പം ഒപ്പത്തിനൊപ്പം പദ്ധതി - അപാകതകൾ

1)പ്രോജക്റ്റ് നം. 425/16

ഒപ്പം ഒപ്പത്തിനൊപ്പം പദ്ധതി - (പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ പദ്ധതി )

വിനിയോഗിച്ച തുക – 20,15,990 രൂപ (പ്ലാൻ)

ബിൽ നം. 5/15-16/12.10.2015 – 4,47,100 രൂപ

ബിൽ നം. 9/15-16/11.01.2016 – 6,79,292 രൂപ

ബിൽ നം. 14/15-16/29.02.2016 – 3,54,580 രൂപ

ബിൽ നം. 21/15-16/23.03.2016 – 3,92,820 രൂപ

ബിൽ നം. 22/15-16/23.03.2016 – 75,000 രൂപ

ബിൽ നം. 23/15-16/23.03.2016 – 67,198രൂപ

ആകെ - 20,15,990

2)പ്രോജക്റ്റ് നം. 426/16

ഒപ്പം ഒപ്പത്തിനൊപ്പം പദ്ധതി - (പട്ടികവർഗ്ഗം വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ പദ്ധതി )

വിനിയോഗിച്ച തുക – 16,47,159 രൂപ (പ്ലാൻ)

ബിൽ നം. 3/15-16/18.09.2015 – 3,68,980 രൂപ

ബിൽ നം. 10/15-16/11.01.2016 – 5,98,700 രൂപ

ബിൽ നം. 15/15-16/29.02.2016 – 3,11,680 രൂപ

ബിൽ നം. 19/15-16/23.03.2016 – 15,799 രൂപ

ബിൽ നം. 20/15-16/23.03.2016 – 3,52,000 രൂപ

ആകെ - 16,47,159

നിർവ്വഹണം - ഹെഡ്മാസ്റ്റർ ജി.എം.വി എച്ച്. എസ് .എസ് ,നിലമ്പൂർ

പട്ടിക ജാതി ,പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി തിരഞ്ഞെടുത്ത എട്ട് വീതം വിവിധ പട്ടിക ജാതി ,പട്ടികവർഗ്ഗ കോളനികളിൽ ഫെസിലിറ്റേറ്റർമാരെ നിയമിച്ച കൊണ്ട് പ്രത്യേകം ക്ലാസ് നൽകുക ,രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണം നടത്തുക ,പഠിതാക്കൾക്ക് പ്രഭാത ഭക്ഷണം , പത്രം എന്നിവ ലഭ്യമാക്കുക എന്നിവയാണ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങൾ.

പദ്ധതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

- പ്രോജക്റ്റ് നം. 426/16 പ്രകാരം വിനിയോഗിച്ച 16,47,159 രൂപയിൽ 12,41,859 രൂപയും, പ്രോജക്റ്റ് നം. 425/16 പ്രകാരം വിനിയോഗിച്ച 20,15,990 രൂപയിൽ 9,82,200 രൂപയും ഭക്ഷണത്തിനാണ് ചെലവഴിച്ചിട്ടുള്ളത്.ഇതിൽ 1,10,379 രൂപക്കുള്ള ഭക്ഷണമൊഴികെ ഷീജ ,കമ്മ്യൂണിറ്റി കിച്ചൺ എന്നവരാണ് ഭക്ഷണം വിതരണം നടത്തിയിട്ടുള്ളത്. ഓരോ ദിവസവും ഭക്ഷണം നൽകിയതിന്റെ ബില്ല്, (ഭക്ഷണത്തിന്റെ വിവരം,എണ്ണം (അളവ്),വില എന്നിവ രേഖപ്പെടുത്തിയ)ഹാജരാക്കിയിട്ടില്ല. വിദ്യാർത്ഥികളുടെ എണ്ണം മാത്രമുള്ള പട്ടികയാണ് പരിശോധനക്ക് ലഭ്യമാക്കിയത്.
- ജി ഒ (പി)3/2013 എസ് പി ഡി തി.21.06.2013 പ്രകാരം1,00,000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ വാങ്ങുന്നത് ടെണ്ടർ മുഖേനയായിരിക്കേണ്ടതാണ്. ആയത് പാലിച്ചതായി കാണുന്നില്ല.

- പ്രോജക്റ്റ് നം. 426/16 ബിൽ നം. 19/15-16/23.03.16 പ്രകാരം 15,799 രൂപ ബോധവൽക്കരണ ക്ലാസിന് ഭക്ഷണം നൽകിയതിന് കദീജ എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം ക്ലാസ് നടത്തിയതിന്റെ വിവരം ഫയലിൽ ഇല്ല.ഭക്ഷണം നൽകിയതിന്റെ ബില്ല്, (ഭക്ഷണത്തിന്റെ വിവരം,എണ്ണം (അളവ്),വില എന്നിവ രേഖപ്പെടുത്തിയ)ഹാജറാക്കിയിട്ടില്ല. പ്രോജക്റ്റ് നം. 426/16 ബിൽ നം. 20/15-16 /23.03.2016 പ്രകാരം 3,52,000രൂപയിൽ 44,580 രൂപ സ്പെഷ്യൽ കോച്ചിംഗ് ക്ലാസിന് ഭക്ഷണം നൽകിയതിന് കദീജ എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം ക്ലാസ് നടത്തിയതിന്റെ വിവരം ഫയലിൽ ഇല്ല.ഭക്ഷണം നൽകിയതിന്റെ ബില്ല്, (ഭക്ഷണത്തിന്റെ വിവരം,എണ്ണം (അളവ്),വില എന്നിവ രേഖപ്പെടുത്തിയ)ഹാജറാക്കിയിട്ടില്ല.ഭക്ഷണ വിതരണം നടത്തിയ ആളുടെ ശരിയായ മേൽ വിലാസവും ലഭ്യമല്ല.

  പ്രോജക്റ്റ് നം. 425/16 - ബിൽ നം. 21/15-16 /23.03.2016 പ്രകാരം 3,92,820 രൂപയിൽ 50,000 രൂപ റഹ്മത്തുള്ള ,പാടിക്കുന്ന് എന്നവർക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസിന് ഭക്ഷണം നൽകിയതിന് നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം ക്ലാസ് നടത്തിയതിന്റെ വിവരം ഫയലിൽ ഇല്ല.ഭക്ഷണം നൽകി എന്നതു സംബന്ധിച്ചും വ്യക്തതയില്ല.ഭക്ഷണ വിതരണം നടത്തിയ ആളുടെ ശരിയായ മേൽ വിലാസവും ലഭ്യമല്ല.

- പ്രോജക്റ്റ് നം. 426/16 - ബിൽ നം. 15/15-16 /29.02.2016 പ്രകാരം 3,11,680 രൂപ ഭക്ഷണം ,വേതനം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും എതുമാസത്തെതാണെന്ന് വ്യക്തമല്ല.

  പ്രോജക്റ്റ് നം. 425/16 - ബിൽ നം. 14/15-16 /29.02.2016 പ്രകാരം 3,54,580 രൂപ ഭക്ഷണം ,വേതനം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും എതുമാസത്തെതാണെന്ന് വ്യക്തമല്ല.

- പട്ടിക ജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി പ്രകാരം നിയമിച്ച കോ ഓഡിനേറ്റർക്ക് ഹോണറേറിയത്തിനു പുറമേ( 2000*10)20,000 രൂപ ടി എ ഇനത്തിൽ നൽകിയിട്ടുണ്ട് .പ്രോജക്റ്റ് പ്രകാരം ടി എ നൽകാൻ വ്യവസ്ഥയില്ല. യാത്രാ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

- പ്രോജക്റ്റ് നം. 425/16 പ്രകാരം 2015 നവംബർ മുതൽ വരേടംപാടം പഠനകേന്ദ്രത്തിലെ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം നൽകിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത പഠന കേന്ദ്രത്തിലെ കുട്ടികളുടെ ഹാജർ പട്ടിക ലഭ്യമാക്കിയിട്ടുമില്ല.കൃത്യമായ രേഖകളുടെ അഭാവത്തിൽ ഭക്ഷണ വിതരണത്തിൽ പ്രസ്തുത കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല.

- മുഴവൻ പഠന കേന്ദ്രത്തിലെയും ഹാജർപട്ടിക ലഭ്യമാക്കിയിട്ടില്ല.

- പ്രോജക്റ്റ് നം. 425/16 പ്രകാരമുള്ള ബിൽ നം. 22/15-16 /23.03.2016 പ്രകാരം 75,000 രൂപക്ക് 12 സ്റ്റീൽ ബെഞ്ച്, 12 സ്റ്റീൽ ഡെസ്ക്ക് എന്നിവയും ബിൽ നം. 23/15-16 /23.03.2016 പ്രകാരം 67,198 രൂപക്ക് 11 സ്റ്റീൽ ബെഞ്ച്, 11 സ്റ്റീൽ ഡെസ്ക്ക് എന്നിവയും സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെയും വിതരണം നടത്തിയിട്ടില്ല. നിലവിൽ അവ കേന്ദ്രങ്ങൾക്ക് ആവശ്യമില്ലാഞ്ഞിട്ടാണ് വിതരണം നടത്താതത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണം.പ്രസ്തുത സാധനങ്ങൾ എവിടെ സൂക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കേണ്ടതാണ്.

  ജി ഒ(പി) നം.177/2006/ഫിൻ തീയ്യതി.12.04.2006പ്രകാരം ഭാവിയിലെ ആവശ്യത്തിനായി തുക മുൻകൂറായി പിൻവലിക്കുവാൻ പാടില്ല.അനാവശ്യമായി പദ്ധതി പണം ദുരുപയോഗം ചെയ്യുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്.

- പഠന നിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതിയാണങ്കിലും പത്താം ക്ലാസിലെ കുട്ടികളെ വരെ പഠിപ്പിക്കുന്നതിന് പത്താം ക്ലാസ് മാത്രം അടിസ്ഥാന യോഗ്യതയുള്ള വരാണ് ഭൂരിഭാഗം ഫെസിലിറ്റേർമാരും.ഇവർക്ക് മുൻ വർഷങ്ങളിൽ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നിയമനം നൽകുകയാണ് ചെയ്തിട്ടുള്ളത്.. 16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം

സന്നദ്ധ പ്രവർത്തനം സ്വരൂപിക്കുവാൻ സാധിക്കാത്തപക്ഷം യോഗ്യരായ പുറമേയുള്ള അദ്ധ്യാപകരുടെ സേവനത്തിന് വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3000 രൂപ എന്ന പരിധിയ്ക്ക് വിധേയമായി മാത്രമേ വികസനഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളൂ . പ്രസ്തുത നിർദ്ദേശം പാടെ അവഗണിച്ച് കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ചെലവ് തുക(36,63,149 രൂപ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 എൽ എസ് എസ് /യു എസ് എസ് പരിശീലനം - മാർഗ്ഗരേഖാ വിരുദ്ധം

പ്രോജക്റ്റ് നം.450/16

എൽ എസ് എസ്/യു എസ് എസ് പരിശീലനം

വിനിയോഗിച്ച തുക – 50,000 രൂപ (തനത് ഫണ്ട്)

(ഡി ഡി നം. 180979/11.12.15 )

നിർവ്വഹണം - ഹെഡ്മാസ്റ്റർ,ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ

എൽ എസ് എസ് /യു എസ് എസ് പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക, പരിശീലകർക്ക് ഹോണറേറിയം നൽകുക, റീഫ്രഷ്മെന്റ് ചാർജ്ജ് എന്നീ ഇനങ്ങളിലാണ് പദ്ധതി പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത്. നിലമ്പൂർ വീട്ടിക്കുത്ത് ജി എൽ പി സ്കൂളിൽവെച്ച് 2015 നവംബർ 21, 22 തീയ്യതികളിലാണ് പരിശീലനം നൽകിയിട്ടുള്ളത്.

2015-2016 വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) 362/2013. തസ്വഭവ 16.11.2013 ഖണ്ഡിക 6.1V പ്രകാരം LSS/USS പരിശീലനത്തിനു നഗരസഭയുടെ ഫണ്ട് വിനിയോഗിക്കാവതല്ല.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുക വിനിയോഗിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
ചെലവുതുക (50,000 രൂപ)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-17 ഫുട്ബോൾ കോച്ചിംഗ് - ക്രമവിരുദ്ധം

പ്രോജക്റ്റ് നം.451/16

വിനിയോഗിച്ച തുക -1,50,000 രൂപ (തനത്ഫണ്ട്)

ഡി ഡി നം. 180979/11.12.2015

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ,ജി.എം.വി.എച്ച്.എസ്.എസ് ,നിലമ്പൂർ

നഗരസഭ പരിധിയിൽ സ്കൂളുകളിലെ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം സംഘടിപ്പിക്കൽ ആയതിന് ആവശ്യമായ സാമഗ്രികൾ വാങ്ങൽ ,റീഫ്രഷ്മെന്റ് എന്നിവയാണ് പദ്ധതിയി വിഭാവനം ചെയ്തിട്ടുള്ളത്. 2015 ഏപ്രിൽ മുതൽ നവംബർ വരെയാണ് കോച്ചിംഗ് നൽകിയിട്ടുള്ളത്.85പേരാണ് കോച്ചിംഗിൽ പങ്കെടുത്തിട്ടുള്ളത്.പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | പാൽ,മുട്ട തുടങ്ങിയ ഭക്ഷണം വിതരണം ചെയ്തതിന് കമാലുദ്ദീൻ, മുക്കട്ട എന്നവർക്ക് നൽകിയത്. | 68,000 രൂപ |
| 2 | വിവിധ സ്പോട്സ് ഉപകരണങ്ങൾ വാങ്ങിയതിന് നാഷണൽ സ്പോർസ് ,നിലമ്പൂരിന് നൽകിയത്. | 82,000 രൂപ |
| | ആകെ | 1,50,000 രൂപ |

പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 30 (1)-ാംവകുപ്പ് ഒന്നാം പട്ടിക XVIപ്രകാരം

കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക എന്ന ഉത്തരവാദിത്വമാണ് കായികം ഇനത്തിൽ മുനിസിപ്പാലിറ്റികൾക്ക് നിക്ഷിപ്തമായ ചുമതല. ആയത് പാലിക്കാതെയാണ് നടപ്പിലാക്കിട്ടുള്ളത്.

- 16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . ആയത് പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.
- പ്രേജക്റ്റ് നടപ്പിലാക്കുന്നതിനായി സർക്കാറിൽ നിന്നും ലഭ്യമായ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
- ഏതൊക്കെ സ്കൂളുകളിലെ ഏതെക്കെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത് എന്ന് വ്യക്തമല്ല.
- പദ്ധതി പ്രകാരം നാഷണൽ സ്പോർട്സ് നിലമ്പൂർ, കമാലുദ്ദീൻ മുക്കട്ട എന്നിവർക്ക് യഥാക്രമം 82,000രൂപ, 68,000 രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ടെങ്കിലും ജി ഒ (പി)3/2013 എസ് പി ഡി തി.21.06.2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് നടപടികൾ പാലിച്ചല്ല ദാതാക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്. കാരണം വ്യക്തമല്ല.

ചെലവുതുക (1,50,000 രൂപ)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-18 ഇ എം എസ് ഭവനനിർമ്മാണ പദ്ധതി - നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ ഇ എം എസ് ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിലമ്പൂർ നഗരസഭ രൂപീകരിച്ച് നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സൈനബ w/o ജബ്ബാർ കിഴക്കും പറമ്പിൽ | 52,500 | |
| 2 | ഹസീന ഒറ്റപ്പിലാക്കൽ | 52,500 | |
| 3 | മീനാക്ഷി നട്ടുതൊടി | 52,500 | |
| 4 | ലക്ഷ്മി ചീരാംകുഴിയിൽ | 52,500 | |
| 5 | വിശ്വനാഥൻ എറിയാട്ട് | 52,500 | |
| 6 | വേലായുധൻ തീക്കുന്നൻ | 60,000 | |
| 7 | നഫീസ കളത്തിങ്ങൽ | 67,500 | |
| 8 | അമ്മിണി പുത്തൻകുടിയിൽ | 22,500 | |
| 9 | ഷാനവാസ് കിണറ്റിങ്ങൽ | 67,500 | |
| 10 | നല്ലൻ കല്ലടശ്ശേരി | 22,500 | |
| 11 | കുഞ്ഞാലിപ്പ പൊറ്റമ്മൽ | 52,500 | |
| 12 | സരസമ്മ തെക്കേടത്ത് | 67,500 | |
| 13 | ബിന്ദു പള്ളിയാളി | 112500 | |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ യഥാർത്ഥ കാരണം വ്യക്തമല്ല. വീട്ടു

നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇ എം എസ് ഭവനനിർമ്മാണ പദ്ധതിയുടെ അക്കൌണ്ട് ക്ലോസ് ചെയ്തിട്ടുള്ളതാണ്.

## 3-19 'പകൽവീട് ' എന്ന പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥ: ICDS സൂപ്പർവൈസർ.അടങ്കൽ: 300000 രൂപ. വി. ഫ.250000, ത ഫ. 50000.

ചെലവ്: വി. ഫ. 250000

ത ഫ 45107

ആകെ 295107 രൂപ

വയോജനങ്ങൾക്കുള്ള ഒരു വിശ്രമകേന്ദ്രം എന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പകൽവീടിലെത്തുന്ന വയോജനങ്ങൾക്ക് പരിശീലനം നൽകൽ,ഭക്ഷണം പാകം ചെയ്ത് നൽകൽ മുതലായവയ്ക്ക് തുക ചെലവഴിക്കുന്നുണ്ട്.2015-16 ൽ ഈ പദ്ധതിക്കായി 295107 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നംപർ | തുക |
|---|---|
| 2/15-16/21-8-15 | 90362 |
| 4/15-16/3-11-15 | 63099 |
| 6/15-16/10-12-15 | 73696 |
| 9/15-16/30-1-16 | 22843 |
| ആകെ വി. ഫ. | 250000 |
| 145513/30-2-16 | 18407 |
| 228660/29-3-16 | 26700 |
| ആകെ ത. ഫ. | 45107 |
| ആകെ ചെലവ് | 295107 |

അപാകതകൾ

1) പദ്ധതി മാർഗ്ഗരേഖ G O (MS) 362/2013/ത സ്വ ഭ വ തീയ്യതി 16-11-13 പ്രകാരം അനുവദനീയമല്ലാത്ത താഴെ പറയുന്ന ഇനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ഇനം | ചെലവ് |
|---|---|
| ഓണറേറിയം; പാചകക്കാരൻ | 60000 |
| ഓണറേറിയം; കംപ്യൂട്ടർ പരിശീലനം | 71250 |
| ഓണറേറിയം; ടൈലറിംഗ് പരിശീലനം | 37600 |
| പലവ്യഞ്ജനം വാങ്ങിയത്. | 30351 |
| ആകെ | 199201 രൂപ. |

പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത മേൽ ചെലവിന്റെ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2) ചന്തക്കുന്ന് ബസ് സ്റ്റാന്റിനടുത്ത് വാടകക്കെട്ടിടത്തിൽ പ്രവൃത്തിച്ചിരുന്ന പകൽവീട് നിലമ്പൂർ ചെട്ടിയങ്ങാടിയിലെ EMS സാംസ്കാരികനിലയത്തിലേക്ക് മാറ്റിയിട്ടുണ്ട്.(26-5-2016 ലെ 26 ാം നംപർ

തീരുമാനം)കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്നു.

28-9-2016 ന് ചെട്ടിയങ്ങാടിയിലെ EMS സാംസ്കാരികനിലയത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പകൽവീടിൽ ഉണ്ടായിരുന്ന മുഴുവൻ ഉപകരണം/ഫർണീച്ചർ അവിടെ കണ്ടെത്തിയില്ല.ആയതിൽ ഭൂരിഭാഗവും മുമ്മുള്ളിയിൽ ആരംഭിക്കുന്ന UPHC യിലേക്ക് മാറ്റിയതായി പരിശോധനയിൽ വ്യക്തമായി.

പകൽവീടിൽ ഉണ്ടായിരുന്ന മുഴുവൻ ഉപകരണം/ഫർണീച്ചർ എന്നിവയുടെ ഉപയോഗ/വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

3)ചെട്ടിയങ്ങാടിയിലെ EMS സാംസ്കാരികനിലയത്തിലേക്ക് മാറ്റിയ പകൽവീട് വയോജനങ്ങൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള ഒരു സ്ഥലമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പകൽവീട് ഇത്തരത്തിൽ മാറ്റുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-20 ആരണ്യകം (ഇക്കോ ടൂറിസം പദ്ധതി ) - അപാകതകൾ

പ്രോജക്റ്റ് നം. 452/16

വിനിയോഗിച്ച തുക – 1,25,000 (തനത് ഫണ്ട്)

ഡി ഡി നം. 180914/28.10.2015

നിർവ്വഹണം - ഹെഡ്മാസ്റ്റർ , ജി.എം.വി.എച്ച്.എസ്.എസ് ,നിലമ്പൂർ

നിലമ്പൂരിന്റെ സാംസ്കാരിക പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തൽ ഡോക്യുമെന്റേഷൻ ,ശില്പശാല എന്നിവയാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്.2015 ജൂലൈ മാസം 10,11,12 തീയ്യതികളിൽ നിലമ്പൂരിൽവെച്ച് ഒരു നാഷണൽ ഫോട്ടോഗ്രാഫേർസ് മീറ്റ് സംഘടിപ്പിച്ചു. ദക്ഷിണേന്ത്യയിലെ പ്രമുഖ ഫോട്ടോഗ്രാഫർമാർ ഉൾപ്പെടെ 62 പേർ പരിപാടിയിൽ പങ്കെടുത്തു. വനം വകുപ്പുമായി ചേർന്നാണ് പദ്ധതി സംഘടിപ്പിച്ചിട്ടുള്ളത്.ഫോട്ടോഗ്രഫിയെ സംബന്ധിച്ച ശില്പശാല ,തുടർന്ന് ഫോട്ടോഗ്രാഫർമാർ എടുത്ത വിവിധ ഫോട്ടോ പ്രദർശനം ഇവയാണ് ഈ പ്രോജക്റ്റിൽ ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 30 (1)-ാംവകുപ്പ് ഒന്നാം പട്ടിക XVIപ്രകാരം കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക എന്ന ഉത്തരവാദിത്ത്വമാണ് കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും ഇനത്തിൽ മുനിസിപ്പാലിറ്റികൾക്ക് നിക്ഷിപ്തമായ ചുമതല. ആയത് പാലിക്കാതെയാണ് നടപ്പിലാക്കിട്ടുള്ളത്.
- 16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . ആയത് പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.
- 16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് 7.7 പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ) ഉല്പാദനപരമല്ലാത്ത മേളകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തുവാൻ പാടുള്ളതല്ല. ആയതും പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.
- പ്രേജക്റ്റ് നടപ്പിലാക്കുന്നതിനായി സർക്കാറിൽ നിന്നും ലഭ്യമായ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.51.09.2016 )മറുപടി ലഭ്യമായിട്ടില്ല. ചെലവുതുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-21 സമ്പൂർണ്ണ ഭവന നിർമ്മാണം പദ്ധതി - സർക്കാർ നിർദേശം പാലിച്ചില്ല.

1) പ്രോജക്റ്റ് നം.7/16

സമ്പൂർണ്ണ ഭവന നിർമ്മാണം പദ്ധതി പൂർത്തീകരണം (ജനറൽ )(ബഹുവർഷ പദ്ധതി)

വിനിയോഗിച്ച തുക – 28,57,319 രൂപ

ബിൽ നം.9/15-16/18.02.16 - 2,00,000 രൂപ

ബിൽ നം.8/15-16/18.02.16 - 3,39,000 രൂപ

ബിൽ നം.6/15-16/29.01.16 - 14,61,000 രൂപ

ലോൺ തുക – 8,57,319 രൂപ (കെ യു ആർ ഡി എഫ് സി )

2)പ്രോജക്റ്റ് നം.8/16

സമ്പൂർണ്ണ ഭവന നിർമ്മാണം പദ്ധതി പൂർത്തീകരണം (പട്ടികജാതി)(ബഹുവർഷ പദ്ധതി)

വിനിയോഗിച്ച തുക – 18,40,000 രൂപ

ബിൽ നം.2/15-16/03.11.15 - 6,80,000 രൂപ

ബിൽ നം.3/15-16/29.01.16 - 3,80,000 രൂപ

ബിൽ നം.11/15-16/28.02.16 - 2,80,000 രൂപ

ബിൽ നം.14/15-16/16.03.16 - 5,00,000 രൂപ

പദ്ധതി പ്രകാരം 79 ഗുണഭോക്താക്കളുണ്ട് .

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ (ഹൌസിംഗ്)

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി ഒ (എം എസ് )നം. 362/2013/തസ്വഭവ തി.16.11.2013 പ്രകാരം ഭവന നിർമ്മാണം പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീട് 12 വർഷത്തെക്ക് അന്യാധീനപ്പെടുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന്, തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ നഗരസഭാ സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. എന്നാൽ മേൽ രണ്ടു പ്രോജക്റ്റുകളിലെയും മുഴുവൻ ഗുണഭോക്താക്കളും അപ്രകാരം ചെയ്തിട്ടില്ല.അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

2)സമ്പൂർണ്ണ ഭവന നിർമ്മാണം പദ്ധതി പ്രകാരം 2012-13 വർഷം മുതൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ 57 ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.ഇതു സംബന്ധിച്ച് 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും ഇനിയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

സമ്പൂർണ്ണ ഭവന നിർമ്മാണം പദ്ധതി (പട്ടികജാതി) പ്രകാരം 2014-15 വരെ ധനസഹായം അനുവദിച്ച 64 പേരിൽ29 പേർ ഇപ്പോഴും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ചും 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും ഇനിയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ചെലവുതുക (4697319 രൂപ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-22** ഹയർസെക്കണ്ടറി തുല്യത പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.396/16

ഹയർസെക്കണ്ടറി തുല്യത

ചെലവ്---വികസനഫണ്ട്--8,00,000 രൂപ

ബിൽനം -2/15-16/18.09.15 – 2,90,000 രൂപ

ബിൽനം -6/15-16/30.10.15 – 2,50,000 രൂപ

ബിൽനം -16/15-16/14.03.16 – 1,75,000 രൂപ

ബിൽനം -8/15-16/28.11.15 – 85,000 രൂപ
തനത് ഫണ്ട് – 65,000 രൂപ (ഡി.ഡി. നം. 228659/29.03.16)

നിർവ്വഹണം – ഹെഡ്മാസ്റ്റർ ,ജി എം വി എച്ച് എസ് എസ് , നിലമ്പൂർ

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ - പഠിതാക്കളുടെ വിദ്യാഭ്യാസ യോഗ്യത, വയസ്സ് ,പദ്ധതി നടപ്പാക്കുന്നവിധം എന്നിവ സംബന്ധിച്ച -ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2)ഹയർസെക്കണ്ടറി തുല്യത പദ്ധതിക്ക് നഗരസഭക്ക് തുക അനുവദിക്കാവുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)ജി.ഒ.(എം.എസ്)362/13 തസ്വഭവ 16.11.13—മാർഗ്ഗരേഖ പ്രകാരം, തുല്യതാ പഠിതാക്കളുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ്, പാഠപുസ്തകങ്ങളുടെ വില (ഹയർസെക്കണ്ടറി തുല്യത ഒഴികെ) എന്നിവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി പഠിതാക്കളുടെ മുഴുവൻ ചെലവും, (അധ്യാപകർക്കുള്ള ഓണറേറിയം, പഠനോപകരണങ്ങൾ, വിവിധ സെന്ററുകളിലേക്കുള്ള റിഫ്രഷ്മെന്റ് ചാർജ്ജുകൾ, എന്നിവ) നഗരസഭ വഹിക്കുകയാണ് ചെയ്തു വരുന്നത്. ഇതിനാസ്പദമായ അനുമതി ഉത്തരവ് സർക്കാരിൽ നിന്നും വാങ്ങിയതായി കാണുന്നില്ല.

4)പദ്ധതി പ്രകാരം 1,15,500 രൂപക്കുള്ള പുസ്തകങ്ങൾ ഇൻഡ്. എക്സൽ പബ്ലിഷേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ജി ഒ (പി)3/2013 എസ് പി ഡി തി.21.06.2013 പ്രകാരം 1,00,000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ വാങ്ങുന്നത് ടെണ്ടർ മുഖേനയായിരിക്കേണ്ടതാണ്. എന്നാൽ യാതൊരുവിധ സ്റ്റോർ പർച്ചേസ് നടപടി ക്രമങ്ങളും പാലിച്ചതായി കാണുന്നില്ല.

5) പഠിതാക്കളുടെ തിരഞ്ഞെടുപ്പ് ബന്ധപ്പെട്ട വാർഡ് സഭകൾ അംഗീകരിച്ചതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ മൂലം ചെലവുതുക 8,65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-23** <u>ഭവനം നിർമ്മിച്ച് എട്ടു വർഷം പൂർത്തീകരിക്കാത്തവർക്ക് ഭവന പുനരുദ്ധാരണം ധനസഹായം നൽകിയത് സംബന്ധിച്ച്</u>

I) പ്രോജക്റ്റ് നം. 6/16

ഭവന റിപ്പയർ പദ്ധതി (ജനറൽ)

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ (ഹൌസിംഗ്)

വിനിയോഗിച്ച തുക – 8,00,000രൂപ (പ്ലാൻ )

(ബിൽ നം.5/15-16/21.01.16 – 7,10,000

ബിൽ നം.12/15-16/28.02.16 – 90,000)
പദ്ധതി പ്രകാരം 80ഗുണഭോക്താക്കൾക്ക് 10,000രൂപ വീതം ഭവന റിപ്പയറിന് നൽകുകയാണ് ചെയ്തിട്ടുള്ളത് .പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ് )നം. 362/2013/ത സ്വഭവ തി.16.11.13 പ്രകാരം പുതിയ വീട് നിർമ്മിച്ച് എട്ടു വർഷമെങ്കിലും കഴിഞ്ഞ ഗുണഭോക്താക്കൾക്കാണ് ഭവന റിപ്പയർ പദ്ധതി പ്രകാരം ആനുകൂല്യത്തിന്

അർഹതയുള്ളത് . എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആയത് പാലിക്കാതെ ആനുകൂല്യം നൽകിയത് ശ്രദ്ധയിൽപ്പെട്ടു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ആയിഷ ചെമ്പാലി രാമംകുത്ത് നിലമ്പൂർ | 10,000 | നഗരസഭാ സെക്രട്ടറിയുടെ G4/10852/15 dt.9.06.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |
| 2 | പാത്തുമ്മ തളിവാരി രാമംകുത്ത് നിലമ്പൂർ | 10,000 | നഗരസഭാ സെക്രട്ടറിയുടെ G4/11079/15 dt.9.06.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |
| 3 | സാബിറ കെല്ലൻതൊടിക ചന്തക്കുന്ന് , നിലമ്പൂർ | 10,000 | നഗരസഭാ സെക്രട്ടറിയുടെ G4/16833/15 dt.01.10.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |
| 4 | ഗിരിജ കരുവാഞ്ചരി വേങ്ങശ്ശേരി ,കോവിലകത്തുമുറി നിലമ്പൂർ | 10,000 | നഗരസഭാ സെക്രട്ടറിയുടെ G4/10624/15 dt.02.06.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.22/26.09.2016). വീട് പണിപൂർത്തീകരിച്ച് രണ്ടു വർഷം കഴിഞ്ഞ് നമ്പർ ലഭിച്ചതു മൂലമാണ് അപ്രകാരം സംഭവിച്ചത് എന്നും, ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിച്ചു. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

II) ഭവനം നിർമ്മിച്ച് എട്ടു വർഷം പൂർത്തീകരിക്കാത്തവർക്ക് ഭവന പുനരുദ്ധാരണം ധനസഹായം നൽകിയത് സംബന്ധിച്ച്

പ്രോജക്റ്റ് നം.398/16

ഭവന റിപ്പയർ പദ്ധതി

നിർവ്വഹണം - എസ് സി ഡി ഒ

വിനിയോഗിച്ച തുക – 5,00,000രൂപ (എസ് സി പി )

(ബിൽ നം.1/15-16/16.03.16 – 1,62,500

ബിൽ നം.2/15-16/19.03.16 – 87,500

ബിൽ നം.3/15-16/26.03.16 – 2,50,000)

പദ്ധതി പ്രകാരം 20 പേർക്ക് 25,000രൂപ വീതം പട്ടിക ജാതിക്കാരായ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയറിന് നൽകുകയാണ് ചെയ്തിട്ടുള്ളത് .പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ് )നം. 362/2013/ത സ്വഭവ തി.16.11.13 പ്രകാരം പുതിയ വീട് നിർമ്മിച്ച് എട്ടു വർഷമെങ്കിലും കഴിഞ്ഞ ഗുണഭോക്താക്കൾക്കാണ് ഭവന റിപ്പയർ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത് . എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആയത് പാലിക്കാതെ ആനുകൂല്യം നൽകിയത് ശ്രദ്ധയിൽപ്പെട്ടു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പുഷ്പ തൈക്കണ്ടിയിൽ അരുവാക്കോട് | 25,000 | നഗരസഭാ സെക്രട്ടറിയുടെ R2/2304/15 dt.9.02.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |
| 2 | ശാന്താ വാരിയമഠത്തിൽ മണലോടി | 25,000 | നഗരസഭാ സെക്രട്ടറിയുടെ R2/2261/15 dt.9.02.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |
| 3 | ഷൈജ പെരുമ്പിലാൻ തെക്കും പാടം ,രാമംക്കുത്ത് | 25,000 | നഗരസഭാ സെക്രട്ടറിയുടെ R1/2696/15 dt.13.02.15 സാക്ഷ്യപത്ര പ്രകാരം ഏഴുവർഷം പഴക്കം |
| 4 | ചാത്തൻ തണ്ടാടിയിൽ ചക്കാലക്കുത്ത് | 25,000 | നഗരസഭാ സെക്രട്ടറിയുടെ R1/19747/15 dt.11.12.15 സാക്ഷ്യപത്ര പ്രകാരം ആറുവർഷം പഴക്കം |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.2/20.09.2016 )മറുപടി ലഭ്യമായിട്ടില്ല. ചെലവുതുക 5,00,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-24 വഴികാട്ടി -പി എസ് സി കോച്ചിംഗ്, തൊഴിൽ പരിശീലനം -മാർഗ്ഗരേഖ വിരുദ്ധം

1) പ്രൊജക്ട് നം.394/16

വിനിയോഗിച്ച തുക – 5,50,000 രൂപ

ബിൽ നം.4/15-16/23.09.2016 – 2,61,000 രൂപ(പ്ളാൻ )

ബിൽ നം.11/15-16/29.01.2016 – 89,000 രൂപ (പ്ളാൻ )

ആകെ- 3,50,000 രൂപ

ഡി ഡി നം. 228663/31.03.2016 – 2,00,000 രൂപ (തനത് ഫണ്ട്)

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ (ജി.എം.വി.എച്ച്.എസ്.എസ്,നിലമ്പൂർ) നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പ്രോജക്ടിൽ, ഡി.ടി.പി, എം.എസ് ഓഫീസ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ തൊഴിൽ പരിശീലന കോഴ്സുകൾ, പി,എസ്.സി കോച്ചിംഗ് എന്നിവ ഉൾപ്പെടുന്നു. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013 തസ്വഭവ 16.11.13 എന്നീ മാർഗ്ഗരേഖ പ്രകാരം സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നവർക്ക് മാത്രമേ അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകാവൂ. ജി,ഒ.(എം.എസ്)362/13 തസ്വഭവ 16.11.13-സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത/ഗ്രൂപ്പ് സ്വയം തൊഴിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോൽസാഹനത്തിനും ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ കോഴ്സുകളൊന്നും ഈ ഗണത്തിൽ വരുന്നതല്ല. പി.എസ്.സി.കോച്ചിംഗ് ഒരു തൊഴിൽ പരിശീലന കോഴ്സല്ല. വഴികാട്ടി പ്രൊജക്ട് നിലമ്പൂർ നഗരസഭയിൽ തുടർച്ചയായി നടന്നു വരുന്ന പ്രൊജക്ടാണ്. പദ്ധതിക്ക് സർക്കാർ അനുമതിപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2—വിദ്യാഭ്യാസ മേഖലയിലല്ലാത്ത പ്രോജക്ടുകൾ വിദ്യാഭ്യാസ ഇംപ്ലിമെന്റിംഗ് ഓഫീസർ നിർവ്വഹണം നടത്തിയതും ക്രമപ്രകാരമല്ല.

3)പഠിതാക്കളുടെയും സ്റ്റാഫിന്റെയും ഹാജർപട്ടിക ഓഡിറ്റ് ലഭ്യമാക്കിയിട്ടില്ല.

ചെലവുതുക 5,50,000രൂപഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-25 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ്, നിലമ്പൂർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം.397/16

സദ്ഗമയ പദ്ധതി (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 3,62,852 രൂപ(തനത് ഫണ്ട്)

ഡി ഡി നം. 180914/28.10.2015

തുക ഉപയോഗിച്ച് നടത്തിയ വിവിധ പ്രവർത്തനങ്ങൾ ,ഓരോ ഇനത്തിലും ചെലവായ തുക(മുഴുവൻ തുകയുടെയും ) എന്നിവ ഇനം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം.448/16

ശിശുസൌഹാർദ നഗരം പദ്ധതി

വിനിയോഗിച്ച തുക – 1,10,000 രൂപ (തനത് ഫണ്ട്)

ഡി ഡി നം. 228626/22.03.2016

പദ്ധതി പ്രകാരം എവിടെവെച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.09.2016) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചുവെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ചെലവുതുക 4,72,852 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-26 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.435/ 2016

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -2,00,000 രൂപ

1,50,000 (ബിൽ നം. 1/15-16/29.01.2016 )

50,000 (ഡി ഡി നം.949051/03.03.2016)(തനത് ഫണ്ട് )

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - ഹോമിയോ

പ്രോജക്റ്റ് സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) പദ്ധതി പ്രകാരം 2,00,000 രൂപ മരുന്നുകൾ വാങ്ങുന്നതിന് എം ഡി , ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.

2) സ്ഥാപനം നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല .

3) ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.1/19.09.2016 )മറുപടി ലഭ്യമായിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവുതുകയായ 200000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-27 പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സഹവാസക്യാമ്പ് -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.483/16

വിനിയോഗിച്ച തുക – 1,81,198രൂപ

ബിൽ നം. 17/15-16/14.03.2016 – 1,00,000 രൂപ

ബിൽ നം. 18/15-16/14.03.2016 – 81,198 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ,ജി.എം.വി.എച്ച്.എസ്.എസ് ,നിലമ്പൂർ

നഗരസഭ പരിധിയിലെ ഹൈസ്കൂളുകളിലെ പത്താം ക്ലാസ് വിജയ ശതമാനം വർദ്ധിപ്പിക്കുക,മാനസിക സംഘർഷം ലഘൂകരിക്കുക,പഠനത്തിൽ താൽപ്പര്യം ഉണ്ടാക്കുക എന്നിവ ഉദ്ദേശിച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | ഭക്ഷണത്തിനായി അശോകാ കാറ്ററിംഗ് സർവ്വീസ് ,നടുവത്ത് എന്നവർക്ക് നൽകിയത്.(ക്വട്ടേഷൻ മുഖേന) | 1,60,228 രൂപ |
| 2 | ഫോട്ടോസ്റ്റാറ്റ് ,സ്റ്റേഷനറി ചെലവുകൾക്ക നൽകിയത് | 15,120 രൂപ |

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1)ഏതൊക്ക തീയ്യതികളിൽ എവിടെവെച്ച് ഏതെല്ലാം സ്കൂളുകളിലെ കുട്ടികൾക്കായി ക്യാമ്പ് നടത്തിയെന്ന് വ്യക്തമല്ല. പങ്കെടുത്തവരുടെ ഹാജർ പട്ടിക വിവരങ്ങൾ

2)5850 രൂപ (1,81,198- 1,75,348)ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/26.09.2016) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചുവെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ചെലവുതുക 1,81,198രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-28 പദ്ധതി ലക്ഷ്യം കണ്ടില്ല;

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

പ്രവൃത്തി: നിലമ്പൂർ താലൂക് ആശുപത്രി ഡയാലിസിസ് ബിൽഡിംഗ്/ലേബർ റൂം പുനരുദ്ധാരണം (416/14,205/15)

അടങ്കൽ: 1900000 രൂപ.

കരാറുകാരൻ: P M ഖാലിദ് ( എസ്റ്റിമേറ്റ് നിരക്ക്)

കരാർ : 144/13-14/3-2-14

അളവ് പുസ്തകം: 74/13-14, 96/14-15

ചെലവ്: 19 00 000 രൂപ.

950000രൂപ ട്രഷറി ബിൽ 5/15-16/12-6-15

950000രൂപ ട്രഷറി ബിൽ 4/15-16/12-6-15

മൂല്യനിർണ്ണയം 1900000

(-) part bill 950000

ബാക്കി 950000

15-16 നൽകിയത് 950000

(-) നികുതി 57000

കരാറുകാരന് 893000

അപാകതകൾ

മേൽ പ്രോജക്ട് പ്രകാരം ലിഫ്റ്റ് സ്ഥാപിക്കുന്നതിന് നിർമിച്ച കെട്ടിടത്തിൽ നാളിതുവരെ ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ലെന്ന് 28-9-2016 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിടം നാളിതുവരെ പ്രയോജനപ്പെടുത്താത്തതിന് വിശദീകരണം നൽക്കേണ്ടതും ലിഫ്റ്റ് സ്ഥാപിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. നിലമ്പൂർ ജില്ലാ ആശുപത്രിസൂപ്രണ്ടിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം നിർമിച്ച കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-29 'സുരക്ഷിത ' എന്ന പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥ: ICDS സൂപ്പർവൈസർ.

അടങ്കൽ: 32 16 000 രൂപ. വി. ഫ.321600, ഡി. ഫ. 28 94 400 രൂപ.

ചെലവ്: വി. ഫ. 321600

ഡി ഫ 884718

ആകെ 1206318 രൂപ

സ ഉ (സാധാ) 224/2013/സാ നീ വ /16.5.13 പ്രകാരം 2013-14 ൽക്രൈസിസ് സെന്റർ/ഹെൽപ് ഡെസ്ക് ആരംഭിക്കൽ എന്ന ഒരു പദ്ധതി പൈലറ്റ് പദ്ധതിയായി നടപ്പിലാക്കുന്നതിന് മേൽ പ്രകാരം തുക അനുവദിക്കുകയും ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

"മൈസൂർ കല്ല്യാണം" അടക്കമുള്ള വിവാഹചൂഷണത്തിന് വിധേയരാകുന്ന സ്ത്രീകൾക്ക് നിയമപരിരക്ഷ നൽകുക, സ്വയംതൊഴിൽ പദ്ധതികൾ,ബോധവൽക്കരണ പരിപാടികൾ,കുട്ടികളുടെ വിദ്യാഭ്യാസം മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്.

പദ്ധതിയുടെ അടങ്കൽ/ചെലവ്: ഒരു താരതമ്മ്യം

| ഇനം | അടങ്കൽ | ചെലവ് (15-16 വരെ) |
|---|---|---|
| ഹെൽപ് ഡെസ്ക്<br>a) ഓണറേറിയം<br>b) നിയമസഹായം<br>c) കൗൺസിലിംഗ്/ചികിൽസ | 330000<br>285000<br>216000 | 302403<br>20000<br>-- |
| ബോധവല്ക്കരണം<br>a)ബോധവല്ക്കരണപരിപാടികൾ | 750000<br>1575000 | 402825<br>481090 |

| | | |
|---|---|---|
| b)വിദ്യാഭ്യാസം/പരിശീലനം | | |
| ഓഫീസ് ചെലവ് | 60000 | --- |
| ആകെ | 32 16 000 രൂപ | 1206318 |

2013-14 ൽ പൂർത്തിയാക്കേണ്ട മേൽ പദ്ധതി നാളിതുവരെയായിട്ടും പൂർത്തിയാക്കിയിട്ടില്ലെന്ന് മാത്രമല്ല, തുക ഫലപ്രദമായി ഉപയോഗിക്കാൻ പോലും കഴിഞ്ഞിട്ടില്ലെന്ന് മേൽ താരതമ്മ്യപഠനത്തിൽ നിന്ന് വ്യക്തമാണ്.ഈപദ്ധതിക്കായി ഇനിയും 2009682 രൂപ ചെലവഴിക്കാനവശേഷിക്കുന്നുണ്ട്.

ആയതിനാൽ തന്നെ "ക്രൈസിസ് സെന്റർ/ഹെൽപ് ഡെസ്ക് ആരംഭിക്കൽ" എന്ന പൈലറ്റ് പദ്ധതി ഒരു പരാജയമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന 2009682 രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## **3-30** മാനവേദൻ സ്കൂൾ ഇൻഡോർ സ്റ്റേഡിയം മേൽക്കൂര നിർമാണം **(98/15).**അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

പ്രവൃത്തി: മാനവേദൻ സ്കൂൾ ഇൻഡോർ സ്റ്റേഡിയം മേൽക്കൂര നിർമാണം (98/15)

അടങ്കൽ: 2300000 രൂപ. (Revised estimate 4000000 രൂപ)

13-14 100000 രൂപ ത.ഫ

14-15 1400000 രൂപ വി.ഫ

600000 രൂപ ത.ഫ

15-16 – 200000 രൂപ വി.ഫ

കരാറുകാരൻ: P M ഖാലിദ് (1% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)

കരാർ : 167/14-15/13-3-15

അളവ് പുസ്തകം: 80/14-15

ചെലവ്: 25 50 000 രൂപ.(ട്രഷറി ബിൽ 5/15-16/12-6-15= 1400000 രൂപ

ട്രഷറി ബിൽ 189/15-16/21-1-16 = 1150000).

മൂല്യനിർണ്ണയം 2909674

(-) part bill 1400000

ബാക്കി 1509674

15-16 ൽ നൽകിയത് 1150000

(-) നികുതി 138000

കരാറുകാരന് 1012000

അപാകതകൾ

1)കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകി.

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് നിരക്കിൽ ക്വാട്ട് ചെയ്ത കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിലാണ് മേൽ പ്രകാരം തുക നൽകിയിരിക്കുന്നത്. കരാറുകാരന് അവശേഷിക്കുന്ന തുക അനുവദിക്കുമ്പോൾ അധികത്തുക

വസൂലാക്കേണ്ടതും അക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)മേൽക്കൂര നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിലെ 6,7,8,9,10 എന്നീ ഇനങ്ങൾ പ്രകാരമുള്ള കരിങ്കല്ല്/ചെങ്കൽ പടവ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഇൻഡോർ സ്റ്റേഡിയം പൂട്ടിയിടുന്നതിനോ പുറത്ത് നിന്നുള്ളവരുടെ അനധികൃതപ്രവേശനം തടയുന്നതിനോ പര്യാപ്തമല്ലെന്ന് 28-9-2016 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി.മുഴുവൻ പ്രവൃത്തിയും പൂർത്തിയാക്കാതെ ഫൈനൽബില്ല് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-31 ആശ്രയഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല

നിലമ്പൂർ നഗരസഭയുടെ ആശ്രയപ്രോജക്ട്31.3.2016ന് അവസാനിച്ചു.പ്രോജക്ടിന് അനുവദിച്ച തുകയിൽ 2714258രൂപ പലിശയുൾപ്പെടെ വിജയാബാങ്ക് നിലമ്പൂർശാഖയിലെ അക്കൗണ്ട് നം209801011002012-ൽ അവശേഷിക്കുന്നുണ്ട് .ചികിത്സ,ഭക്ഷണക്കിറ്റ് വിതരണം, വീട്, വയറിംഗ്, സ്വയംതൊഴിൽ എന്നിവക്കായി വകയിരുത്തിയ തുകയാണ് ഇത്.നഗരസഭയുടെ 2015-16 ലെ പദ്ധതി വിഹിതമായ 1000000 രൂപ ലഭ്യമാക്കിയത് 31.3.2016ന് മാത്രമാണ്.ആശ്രയ പദ്ധതിക്ക് അനുവദിച്ച ചലഞ്ച് ഫണ്ട് വികസനഫണ്ട് എന്നിവപൂർണ്ണമായി വിനിയോഗിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.ചലഞ്ച് ഫണ്ട് ഇനത്തിൽ 19943 രൂപയും വികസനഫണ്ട് പലിശയുൾപ്പെടെ 2694315 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു.2015-16 വർഷത്തിൽ പോഷകാഹാരക്കിറ്റ് വിതരണം,വീട് നിർമ്മാണം എന്നിവക്കായി ചെലവഴിച്ച195800രൂപയാണ് ആകെചെലവ്.

## 3-32 ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

നിലമ്പൂർ നഗരസഭയിൽ 2015-16വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃസമിതിയിൽ മൂന്നിലൊന്ന് വനിതകളായിരിക്കണം എന്ന നിർദ്ദേശം പൂർണ്ണമായിപാലിച്ചിട്ടില്ല

2.ഗുണഭോക്തൃസമിതി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് . തുറക്കുകയും എല്ലാ പണമിടപാടുകളും അക്കൗണ്ട് വഴി നടത്തുകയും വേണം എന്നാണ് നിബന്ധന. എന്നാൽ അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങളോ ,പാസ്സ് ബുക്കോ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3.ഒരാഴ്ചയിൽ ഒന്ന് എന്ന രീതിയിൽ മസ്റ്റർ റോൾ സൂക്ഷിട്ടിച്ചില്ല. സൂക്ഷിച്ചിട്ടുള്ള മസ്റ്റർ റോളുകളിൽ പൂർണ്ണവിവരങ്ങൾഉൾപ്പെടുത്തിയിട്ടില്ല.

4.നിർമ്മാണ സാധനങ്ങൾ വാങ്ങുന്നതിന് താരതമ്യപഠനം നടത്തുകയോ ക്വട്ടേഷൻ നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്തിട്ടില്ല.

5.നിശ്ചിതമാതൃകയിലുള്ള വരവുചെലവു കണക്കു പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

6.പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ ഗുണഭോക്തൃസമിതി ആഴ്ച്ചയിലൊരിയ്ക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുംഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിയ്ക്കുകയും പ്രസ്തുത വിവരങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയുചെയ്യേണ്ടതാണ്.എന്നാൽ ഈ നിബന്ധനയും പാലിച്ചിട്ടില്ല.

7.കൺവീനറുടെ ദൈനംദിന ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല.പ്രവൃത്തിയുടെ നിർവ്വഹണച്ചുമതലയുള്ള എഞ്ചിനിയർ,പണി പരിശോധിയ്ക്കുന്ന വിദഗ്ധസമിതി അംഗങ്ങൾ,മോണിറ്ററിംഗ് സമിതി അംഗങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ദൈനം ദിന ഡയറിയിൽ എഴുതി സൂക്ഷിയ്ക്കേണ്ടതാണ്.

ദൈനംദിന ഡയറി എഴുതി സൂക്ഷിയ്ക്കാത്തതിനാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളുംരേഖപ്പെടുത്തിയിട്ടില്ല.

8.പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുന്നതിനു മുമ്പായി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന

റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് എന്ന നിബന്ധന പൂർണ്ണമായി പാലിച്ചിട്ടില്ല.

9.പ്രവൃത്തി പൂർത്തിയായി ഫൈനൽ ബിൽ ലഭിച്ച ശേഷം ഗുണഭോക്താക്കളുടെ പൊതുയോഗം വിളിച്ചു ചേർത്ത് വരവുചെലവുകണക്കുകൾ കൺവീനർ അവതരിപ്പിയ്ക്കുകയും അതിനു ശേഷം പ്രവൃത്തിനിർവ്വഹണകമ്മിറ്റി പിരിച്ചു വിടുകയും സംയുക്ത ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടതുമാണ്.

അക്കൗണ്ടിൽ ബാക്കിയുള്ള സംഖ്യ പിൻവലിച്ച്ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്.എന്നാൽ പാസ്ബുക്ക് ഹാജരാക്കാത്തതിനാൽ ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 3-33 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - അപാകത

2015-16 വർഷത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ,കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ടാർ റോഡുകൾ നിർമ്മിക്കുമ്പോൾ IRC സ്പെസിഫിക്കേഷൻ പ്രകാരം,ക്വാറിമക്ക് (GSB) നിരത്തിയതിനു മുകളിൽ സോളിംഗ് 7.5 സെ.മീ,മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറ്ററും ചേർത്ത്ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, ഇതിലേറെ ഉറപ്പുള്ള കോൺക്രീറ്റ് റോഡ് 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm കനത്തിലും, 1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും ചെയ്തതായി കാണുന്നു.1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് 5cmമുതൽ കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും, കട്ടിയും ലഭിക്കുന്നതാണ് .തികച്ചുംഗ്രാമീണറോഡുകൾ/നടപ്പാതകൾ ആയതിനാൽ ഭാരമേറിയ വാഹനങ്ങൾകടന്നു പോകാൻ സാധ്യത കുറവായതിനാൽ മേൽപ്പറഞ്ഞ പ്രകാരംകോൺക്രീറ്റ് ചെയ്തത് നഗരസഭഫണ്ടി ന്അ ധികച്ചെലവു ണ്ടാക്കിയിട്ടുണ്ടെന്ന്ഓഡിറ്റിൽവിലയിരുത്തുന്നു.കൂടാതെ തസ്വഭവചീഫ്എഞ്ചിനീയർ , കോഴിക്കോട്കോർപ്പറേഷൻ സൂപ്രണ്ടിംഗ്എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ /തസ്വഭവതീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4:8cc10 സെ.മീ. കനത്തിലും. 1:2:4cc 5 സെ.മീ. കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹനഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4:8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും,1:2:4cc, 5സെ.മീ.മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വിരുദ്ധമായി ചെയ്ത ചില പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിശദവിവരം | 1:4:8 അനുപാതത്തിൽ ചെയ്ത കനം/അളവ്/തുക | 1:2:4 അനുപാതത്തിൽചെയ്ത കനം/അളവ് /തുക |
|---|---|---|---|
| 1 | പ്രോജക്ട്നം472/16 പ്രേമഡോക്ടർപടി-യുപിസ്കൂൾ പാത്ത് വേ | 12cm<br>18.11m3@5093/m3<br>92234 | 10cm<br>15m3/@6473.50/m3<br>97102.50 |
| 2 | പ്രോജക്ട്നം416/15 പോ രൂർ അഷ്റഫ് പാത്ത് വേ | 12cm<br>5.87m3 @5413/m3<br>31774 | 10cm<br>5.19@75/10/dm3<br>38925 |
| 3 | പ്രോജക്ട്നം441/15 മംഗലശ്ശേരി ചെറുവട്ടൻ റോഡ് കോൺക്രീറ്റിംഗ് | 12cm<br>20.99m3@5413/m3<br>113619 | 10cm<br>17325dm3@75/10dm3<br>129937.5 |

| | | | |
|---|---|---|---|
| 4 | പ്രോജക്റ്റ്നം429/15 ഡോക്ടർ ആഷിക്കിന്റെ വീടിന് സമീപമുള്ള പാത്ത് വേ കോൺക്രീറ്റിംഗ് | 12cm<br>11.40m3@5413/m3<br>61708 | 10cm<br>9404dm3@75/10dm3<br>70530 |
| 5 | പ്രോജക്റ്റ്നം471/16 ദേവ ശ്രേരി മുഹമ്മദ് അഷ്റഫ് പാത്ത് വേ കോൺക്രീറ്റിംഗ് | 12cm<br>14.39m3@5093/m3<br>73288 | 10cm<br>11.96m3@6202.10/m3<br>74177 |
| 6 | പ്രോജക്റ്റ്നം477/15 പറമ്പാടൻ പാത്ത് വേ പുനരുദ്ധാരണം | 15cm<br>12.21m3@5210/m3<br>63614 | 10cm<br>8.158m3@73/10dm3<br>59553.40 |
| 7 | പ്രോജക്റ്റ്നം436/15ശ്രീധരൻ പിള്ള പാത്ത് വേകോൺക്രീറ്റിംഗ് | 12cm<br>8.07m3@5413/m3<br>43682.90 | 10cm<br>6746dm3@75/10dmm3<br>50595 |

മേല്പറഞ്ഞ പ്രവൃത്തികളിലെല്ലാം ക്വാറിമക്ക് ഉപയോഗിച്ച് സബ് ബേസ് ബലപ്പെടുത്തിയിട്ടുള്ളതാണ്.സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഉയർന്ന കനത്തിലുള്ള കോൺക്രീറ്റിംഗ് ആവശ്യമാണെന്ന സാക്ഷ്യ പത്രം അളവുപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.ഈ സാഹചര്യത്തിൽ ആവശ്യമായതിൽ കൂടുതൽ കനത്തിൽ കോൺക്രീറ്റിംഗ് പ്രവൃത്തി ചെയ്യുത് വഴി നഗരസഭക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ,അനാവശ്യമായ സാമ്പത്തിക നഷ്ടം നഗരസഭക്ക് ഉണ്ടാകുന്നില്ലെന്ന് ഉറപ്പ വരുത്തേണ്ടതാണ്.

## 3-34 മുനിസിപ്പൽ ഓഫീസ് പുനരുദ്ധാരണം -പാർട്ട് ബിൽ നൽകിയപ്പോൾ റിടെൻഷൻ കുറവുചെയ്തില്ല

പ്രോജക്റ്റ് നം470/15

തുക-300000

പ്രവൃത്തിയുടെ മൂല്യം-129954 (part bill)

നൽകിയതുക-123500(-)

vat-4940

IT-1235

kcwwf-1235

-----------------------------------

116090 bill no-279/15-16dt 30/3/16

പാർട്ട്ബില്ലിൽ നിന്നും റിടെൻഷൻ 10% കുറവ് ചെയ്തിട്ടില്ല. റിടെൻഷൻ ഇനത്തിൽ 12995രൂപ കുറവുചെയ്യേണ്ടതിനു പകരം6454രൂപ മാത്രമെ കുറവുചെയ്തിട്ടുള്ളൂ.

<u>6541രൂപ ഈടാക്കേണ്ടതാണ്</u>

## 3-35 സിവിൽ സർവ്വീസ് പരിശീലനം - അപാകതകൾ

പ്രോജക്റ്റ് നം.395/16

വിനിയോഗിച്ച തുക – 1,50,000 രൂപ

ബിൽ നം.13/15-16/20.2.16

നിർവ്വഹണം--ഹെഡ്മാസ്റ്റർ,ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ

നഗരസഭ പരിധിയിലെ ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് സിവിൽ സർവ്വീസ് പരിശീലനം നൽകിയത്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൈക്കോളജിക്കൽ എംപവർമെന്റ് റിസർച്ച് &ട്രെയിനിംഗ്-നിലമ്പൂർ എന്ന സ്ഥാപനമാണ് പരിശീലനം നൽകിയത്. പരിശീലനത്തിനുള്ള സിലബസ്, പുസ്തകങ്ങൾ എന്നിവ തയ്യാറാക്കിയത് ഈ സ്ഥാപനം തന്നെയാണ്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(എം.എസ്.)362/13 തസ്വഭവ.16.11.13 -സബ്സിഡി മാർഗ്ഗരേഖ പ്രകാരം, വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കാവുന്ന വിഷയങ്ങളിൽ ഇത് വരുന്നില്ല. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നല്കാനേ വ്യവസ്ഥയുള്ളൂ. പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയതായും കാണുന്നില്ല. ബിരുദം പൂർത്തിയായവർക്കു നൽകേണ്ട സിവിൽ സർവ്വീസ് പരിശീലനം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നൽകിയത് ക്രമപ്രകാരമല്ല.

2-പരിശീലനം നൽകുന്ന സ്ഥാപനവുമായി കരാർ വച്ചതായി കാണുന്നില്ല. കോഴ്സ് പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നില്ല.കൂടാതെ, പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ പട്ടിക , പരിശീലനം നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. എവിടെവെച്ച് ,എന്ന് പരിശീലനം നൽകി , പങ്കെടുത്ത വിദ്യാർത്ഥികളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ ചുമതലയിൽ പെടാത്തതും ഡിഗ്രി കഴിഞ്ഞവർക്ക് മാത്രം എഴുതാവുന്നതുമായ ഒരു പരീക്ഷക്ക് ഹൈസ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് പണം ചെലവഴിച്ചത് എന്തിനാണെന്ന് വ്യക്തമല്ല.

ചെലവുതുക ( 1,50,000 രൂപ ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-36 ആരോഗ്യ പരിരക്ഷ പദ്ധതി - മരുന്ന് വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0002 /16 |
| അടങ്കൽ | 700000/ - രൂപ (പ്ലാൻ ഫണ്ട്) |
| ചെലവ് | 700000/ - രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |

ദീർഘകാല രോഗങ്ങൾകൊണ്ട് ദുരിതമനുഭവിക്കുന്ന രോഗികളെ വീട്ടിൽവച്ച് പരിചരിക്കുന്നതിന് ആരംഭിച്ച പദ്ധതിയിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് ബിൽ നമ്പർ.6/15-16 പ്രകാരം 1,76,539/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇത്രയും തുകക്കുള്ള പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയത്. യഥാർത്ഥ ബില്ല്, മരുന്നുകളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ എന്നിവയൊന്നും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 31/27.09.2016) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 1,76,539/- രൂപ തടസ്സം ചെയ്യുന്നു.

## 3-37 സൗഖ്യം സമഗ്ര ആരോഗ്യ പദ്ധതി - പദ്ധതി മാർഗ്ഗരേഖയുടെ ലംഘനം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0409/16 |
| പ്രൊജക്റ്റിന്റെ പേര് | സൗഖ്യം സമഗ്ര ആരോഗ്യ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 1100000 / |
| ചെലവ് | 810410<br>ബിൽ നമ്പർ.1/15-16 Dt: 15/09/2015 7,00,000/- രൂപ.<br>ചെക്ക് നമ്പർ.180915 Dt: 28/10/2015 1,04,910/- രൂപ.<br>ഡി.ഡി. നമ്പർ.949803 5500/- രൂപ. |

ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് വേണ്ടിയോ പ്രത്യേക ആവശ്യത്തിനുവേണ്ടിയോ ബോധവത്കരണ പരിപാടികൾ നടത്താൻ സർക്കാർ അനുവദിച്ചിട്ടുള്ള സംഗതികളിൽ ബോധവത്കരണ ക്യാമ്പുകൾ, വിദൂരപ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഒഴികെ ഉത്പാദനപരമല്ലാത്ത പരിപാടികളൊന്നും തന്നെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന് ജി.ഒ(എം.സ്)362/2013/തസ്വഭവ തിയ്യതി.16-11-2013 ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി സൗഖ്യം പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ രോഗികളെയും രോഗസാധ്യതയുള്ളവരെയും കണ്ടെത്തി അവർക്കായി മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയതിന്റെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.7/26.09.2016) മറുപടി ലഭിച്ചിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. ചെലവ് തുക 810410 രൂപ നിരാകരിക്കുന്നു.

## 3-38 പദ്ധതി ആസൂത്രണം - അപാകത

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) മാർഗ്ഗരേഖ ഖണ്ഡിക7(3) പ്രകാരം നഗരസഭയുടെ പദ്ധതിയുടെ വിഭവസ്രോതസ്സായി തനതു ഫണ്ടുവകയിരുത്തുമ്പോൾ മുനിസിപ്പാലിറ്റി ആക്റ്റിലെ ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തനത് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ പൊതുചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടി വരുന്ന ആവർത്തനസ്വഭാവമുള്ള ചെലവുകൾ, ശുചീകരണം, വൈദ്യുതിചാർജ്ജ് അടക്കൽ, വെള്ളക്കരം അടക്കൽ, സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ളവിതരണം എന്നിവയുടെ മെയിന്റനൻസ് തുടങ്ങിയ അടിയന്തര പ്രവൃത്തികൾക്കും പെറ്റിവർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുകയാണ് തനതുഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. നിലമ്പൂർ നഗരസഭയിൽ വാർഷിക തനതു വരുമാനമായ 40125171 രൂപയിൽ പദ്ധതിയേതര ചെലവുകൾക്കും കെ.യു.ആർഡി.എഫ്.സി ലോൺ തിരിച്ചടവിനുമായി 28589084 രൂപ നീക്കി വെക്കേണ്ടി വന്നിട്ടുണ്ട്. അവശേഷിച്ച തനതു ഫണ്ട് 11536087 രൂപ മാത്രമാണ്. എന്നാൽ 2015-16 വർഷത്തെ പദ്ധതി തയ്യാറാക്കിയപ്പോൾ തനതു ഫണ്ട് സ്രോതസ് ഉൾപ്പെടുത്തിയത് 66904265 രൂപയാണ്. ഇപ്രകാരം വകയിരുത്തിയ തുകയിൽ 13952319 രൂപ മാത്രമാണ് ചെലവഴിക്കാൻ ലഭ്യമായത്. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് 31/3/16ന് കൊടുത്ത് തീർക്കാൻ അവശേഷിക്കുന്നത് 25043483 രൂപയാണ്. നഗരസഭയുടെ സാമ്പത്തിക നില പരിഗണിക്കാതെ പദ്ധതി ആസൂത്രണം നടത്തിയതിനാൽ വൻ സാമ്പത്തിക ബാദ്ധ്യതയാണ് നഗരസഭക്ക് ഉണ്ടായിട്ടുള്ളത്. ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ലഭ്യമല്ല. | 6000000 | 2707492 | 600000 | ലഭ്യമല്ല. | 2107492 |
| കെ.യു.ആർ.ഡി.എഫ്.സി | ലഭ്യമല്ല. | 27000000 | 24000000 | 2993693 | 1320096 | 21006307 |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6. ഓഡിറ്റ് റിക്കവറി

ഇല്ല

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44, 45 | 2001-02 | …..... | മരാമത്ത്-അധികച്ചെലവ് | നടപടി തുടരുന്നു |
| 2007-08 | 3-13 | 2010-11 | …...... | മുൻകൂർ ക്രമീകരിച്ചില്ല | -ടി- |
| | | 2012-13 | …...... | ഖരമാലിന്യ പരിപാലനം പ്രവർത്തനാവലോകന റിപ്പോർട്ട് | -ടി- |
| 2012-13 | 3-1, 3-2 | 2014-15 | …....... | 1) നിഷ്ക്രിയ ആസ്തികൾ 2) മണൽ വാരൽ | -ടി- |

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 122192177 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 142339050 |
| വരവിനങ്ങളിലുള്ള നഷ്ടം | 19,477/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,04,410/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12815848/- |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4,701/- | | ശ്രീ.പ്രമോദ്.കെ, സെക്രട്ടറി |
| 2-2 | 14,776/- | | ശ്രീ.പി.സതീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 1000 | ശ്രീ.പ്രമോദ്.കെ, സെക്രട്ടറി |
| 3-5 | | 93,000 | ശ്രീ.പ്രമോദ്.കെ, സെക്രട്ടറി |
| 3-37 | | 8,10,410 | ഡോ.സീമാമു.പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ആകെ | 19477 | 904410 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000/- | ശ്രീ.പ്രമോദ്.കെ, സെക്രട്ടറി |
| 3-7 | 20,000/- | ശ്രീ.പ്രമോദ്.കെ, സെക്രട്ടറി |
| 3-9 | 5,52,000/- | ശ്രീമതി.എ.സുഭദ്ര, ഹെൽത്ത് ഇൻസ്പെക്ടർ |

| | | |
|---|---|---|
| 3-12 | 3,56,250/- | ശ്രീ.പ്രമോദ്.കെ, സെക്രട്ടറി |
| 3-15 | 36,63,149/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-16 | 50,000/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-17 | 1,50,000/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-20 | 1,25,000/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-21 | 46,97,319/- | ശ്രീ.കൃഷ്ണകുമാർ.കെ.പി, പ്രൊജക്ട് ഓഫീസർ |
| 3-22 | 8,65,000/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-23(2) | 5,00,000/- | ശ്രീ.ജയകൃഷ്ണൻ.ആർ, SCDO |
| 3-24 | 5,50,000/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-25 | 4,72,852/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-26 | 2,00,000/- | ഡോ.മഞ്ജു.എസ്,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-27 | 1,81,198/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-34 | 6,541/- | ശ്രീ. പി.സതീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-35 | 1,50,000/- | ശ്രീ.കൃഷ്ണദാസൻ.എ, ഹെഡ്മാസ്റ്റർ |
| 3-36 | 1,76,539/- | ഡോ.സീമാമു.പി, മെഡിക്കൽ ഓഫീസർ |
| ആകെ | 1,28,15,848/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 2-1 | 706 | ശ്രീ പ്രമോദ് കെ., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രമോദ്.കെ, സെക്രട്ടറി | സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ | ശ്രേയസ്സ്, പുതുശ്ശേരി, ചെറുതുരുത്തി.പി.ഒ, തൃശ്ശൂർ – 679531 |
| ശ്രീ.പി.സതീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നിലമ്പൂർ നഗരസഭ | ശ്രീപദ്മം, കരുവമ്പ്രം.പി.ഒ, മഞ്ചേരി-3 |
| ഡോ.സീമാമു.പി, മെഡിക്കൽ ഓഫീസർ, | സൂപ്രണ്ട്, ഗവ.ജില്ലാ ആശുപത്രി, നിലമ്പൂർ | പൊറ്റയിൽ ഹൗസ്, ചുങ്കത്തറ.പി.ഒ, മലപ്പുറം |

| സി.എച്ച്.സി | | ജില്ല |
|---|---|---|

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.01.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21-5/917/2008 തി.17.02.2011 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009 തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21-5/799/2009 തി.03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21-5/799/2009 തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി:21.02.2012 | 33 | |

| | | | |
|---|---|---|---|
| 2010-11<br>2011-12 | എൽ.എഫ്.എം.21/19/2013<br>തി:08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014<br>തി:14.01.2015 | 39 | |
| 2013-14<br>2014-15 | എൽ.എഫ്.എം.21/314/2016<br>തി:27.05.2016 | 44 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ. എം.പി.എം.
21/2742/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി 02/02/2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമ്പൂർ നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

AUDIT CERTIFICATE

No. KSA/MPM-21/2742/2016

Kerala State Audit Department

District Audit Office

Malappuram

Dated 02/02/2017

Certified that I have Audited the Annual Financial Statement of Nilambur Municipality in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 295 of the Kerala Municipality Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Nilambur Municipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT